ല്ലാ അല്പവും മനസി ഭീതിയുമില്ലി ങ്ങല്പഭാഷിണി മനൊഹര
ശീലെ ൫൬

വീരനായ സുരനാഥനുമെററം ശൂരനായ യമനും ശുചി
താനും ധീരനാം വരുണനെന്നിവർ നാലും നീരജാക്ഷി പ
നരെന്നെ യയച്ചു ൫൭

ഇന്നു നിന്നൊടവർ ചൊന്ന വിശെഷം കന്നൽ നെൾമിഴി
വദാമ്യഖിലം ഞാൻ നിന്നുടെ ഗുണഗണശ്രവണത്താലന്യ
ചിന്തകൾ വെടിഞ്ഞ മരന്മാർ . . . ൫൮

"പങ്കജാക്ഷി ദമയന്തി മനൊജ്ഞാ തിങ്കൾ ബിംബമുഖി കെ
ൾക്ക സുശീലെ പങ്കജാസ്ത്രശരമെററിഹ ഞങ്ങൾ ക്കങ്കുരിച്ചുവ
ളരുന്നിതു താപം . . . ൫൯

എന്തു ചെയ്യു തുകൃശൊദരി ബാലെ ദന്തിഗാമിനി വലഞ്ഞി
തു ഞങ്ങൾ സന്തതം തവ ഗുണങ്ങളിലെന്നീ ചിന്തയില്ലറികെ
ടൊ ദമയന്തി . . . ൬൦

നന്ദനത്തിലഴകൊടു ചരിക്കും മന്ദമാരുതനരീവ മനൊ
ജ്ഞൻ വന്നു ചെരുമളവാശു ശരീരം ഖിന്നമായിഹ വരുന്നി
തു പാരം ൬൧

ഇച്ഛയില്ല മൃദുസെവയിലൊട്ടും തുച്ഛമായിതു സുഖം മൃഗനെ
ത്രെ അച്ഛമാനസ തരെ തവ ചിത്തം കച്ചപൊകരുതു ഞങ്ങളി
ലൊട്ടും ൬൨

നീയൊഴിഞ്ഞു ശരണം നഹി ഞങ്ങൾക്കായതാക്ഷി ദമയന്തി

ധരിക്ക മായമല്ലിതുവിചാരയനിൻെറ കായമൊത്തുപിടി
പെട്ടിതുതാപം ൩൪

ഞങ്ങൾനാൽവരിൽനിണക്കമനസ്സിൽ തുംഗമൊദമിയ
ലുന്നവനെന്നി മംഗലാംഗിസുകുമാരിവരിക്ക ഇങ്ങതിന്നപര
മില്ലൊരുഭാവം" ൩൫

ഇങ്ങിനെസുരവരാദികൾ നാലാളംഗനാജനമണെമൃദുശീ
ലെ ഭംഗിയൊടിവിടെനിന്നൊട്ടുചൊൽവാനങ്ങു നിന്നടന
യച്ചിതുനമ്മെ ൩൬

സുന്ദരാംഗിസുരനാഥനയൊ മററുന്നതൻയമനുയൊത
വവെണ്ട എന്നതല്ലനലനിൽകൊതിയൊതെകന്യകെ വരു
ണനൊഫിതനില്ലൊൾ ൩൭

ഇപ്പറഞ്ഞവരിൽനാലിൽനിനച്ചിട്ടുല്ലലാക്ഷികൊതിയെ
വനിലെന്നാൽ ഇപ്പൊഴെന്നൊട്ടുരചെയ്കവിശങ്കംസ്ഥല്പവും
മടിനിണക്കിഫവെണ്ടാ" ൩൮

മാനിയാംനളവചശ്രവണാന്തെ മാനിനീമണിദമാനുജ
തൻെറതൊഴിയൊട്ട നിജഭാവമശെഷംകെടകന്നനയനെ
നപറഞ്ഞാൾ ൩൯

ഉല്ലലാക്ഷിയുടെവാക്കുകളെല്ലാ മപ്പൊഴസ്സഖിപറഞ്ഞിതു
മൊദാൽ അല്പവുംപിഴവരാത്തവിധത്തിൽകെല്പിയന്നമധു
രസ്മിതപൂർവ്വം ൪൦

ദെവദൂതതരുണാരുണകാന്തെ കെവലംദമനസൊദരി
വാക്യം എവമെന്നുടെമുഖെനസമസ്തം സാവധാനമുടനെ
ബതകെൾന്നി ൪൧

രാജഹംസധ്വചനെനനളാഖ്യ ക്ഷൊണിപാലചരിതങ്ങ
ളറിഞ്ഞെൻ വ്യാജമല്ലവനിലെന്നുടെചിത്തം യൊജിതം
ദൃഢമദ്രിഢമന്നെ ൪൨

മാനസെനനളഭൂപതിതന്നെ മാനമൊടിഫവരിച്ചിതുപ
ണ്ടെ ന്യൂനമന്നരപതീന്ദ്രനെവിട്ടി ഞ്ഞാനൊരുത്തനെവരിക്ക
യുമില്ല ൪൩

വൈരസെനിമമജീവിതനാഥൻ വൈരിവൃന്ദഗളകൃന്തന
ശീലൻ വീരചാരുമകുടൊത്തമരത്നം നാരിയാംമമസുഖാ

മ്മതപാത്രം" . . വൃ൩

ശ്രീമനന്ദിനിയുടെമതമെവം ഭൂമിപാലനഥകെട്ടരചെയ്യാൻ; കാമിനീകുലമണെ പഴുതെനിൻ കാമമെന്തിതിൽ നിണക്കൊരുസാദ്ധ്യം . . . . . വൃ൪

എന്നെടൊപറകമത്ത്യനിലെററം ദന്തിഗാമിനിഗുണംഗുണശീലെ ഹന്തഭീമനരപാലതനൂജെ ചിന്തിതംതവവ്യൈഥവനിനക്ക . . . . . . വൃ൫

മാനവെന്ദ്രനെനിനച്ചിഹബാലെ വാനവെന്ദ്രനെവെടിഞ്ഞിടൊലാനീ മാനവക്കറികജീവിതകാലം മാനിനീജനമണെബഹൂത്തം . . . . വൃ൬

വാനിലുള്ളൊരുജനത്തിനുപാത്താ ലൂനമില്ലതനുവിന്നുനിനക്ക നൂനമൊക്കജരയില്ലൊരുനാളും മെനിയെന്നുമൊരുപൊലെയിരിക്കും . . . . . വൃ൭

രൊഗമെന്നതൊരുകാലവുമില്ലാ ഭൊഗമെന്നതുനിരന്തരമല്ലൊ രാഗമൊസുരജനത്തിനനല്പം രാഗമിമ്മനുജനെത്രയുമല്പം . . . . വൃ൮

ദെവനാഥനൊടുകൂടിരമിപ്പാൻ കെവലംമനസിചിന്തയശ്ചെദ്ദെ ദെവലൊകമതിൽനീബതചെന്നാൽ ദെവനാരികളൊടൊത്തുരമിക്കാം . . . . . വൃ൯

എത്രനല്ലസുഖമസ്സുരലൊകെതത്രനീപരിചിലാശു സമൊദം തത്രതത്രസുരപാദപമൂലെ വൃത്രഹാവിനൊടുകൂടി രമിക്കാം. ൩൦

നിന്നിലിങ്ങിനെസുരെശനുകാമം വന്നതൊക്കതവ ഭാഗ്യവിശെഷം ഇന്നതിന്നുപ്രതികൂലതവെണ്ടാ നന്നുനന്നു സുകുമാരിനിനച്ചാൽ . . . ൩൧

അല്ലലെന്നിയെലഭിച്ചൊരുരത്നം മെല്ലവെസുമുഖിവിട്ടടനിപ്പൊൾ ചൊല്ലെടൊകറിനമായകരുട്ട കല്ലെടുപ്പതിനുനീതുടരുന്നൊ . . . ൩൨

വാനിൽവാഴുവതിനുള്ളൊരുമൊഹാല്പനമെന്നിയെ ജനങ്ങളനെകം മാനമാൎന്നിഹതപസ്സുകൾചെയ്യുന്നൂനപാന രുചിരാശനഭാവം . . . ൩൩

കന്ദമൂലദലമെന്നിവതിന്നും കന്ദരങ്ങളിലിരുന്നു ജപിച്ചും
സുന്ദരാംഗിചിലർവാണരുളുന്നു ചെന്നുകൊൾവതിനമൎത്ത്യ
പുരത്തിൽ . . . ൯൪

ഇങ്ങിനെപലവിധം വ്യസനങ്ങൾതിങ്ങുമാറനുഭവിക്കിലു
മെററം അങ്ങുചെൽവതിനെടൊപണിപാരംമംഗലാംഗികളി
യല്ലിവയൊന്നും . . . ൯൫

ഇത്തരംഗുണമിയന്നൊരുദിക്കിൽ ചിത്തകൌതുകമിയ
ന്നിഹനിന്നെ കൊണ്ടുപൊവതിനുവന്നുസുരന്മാർ കണ്ടുകൊ
ൾകതവപുണ്യവിശെഷം . . ൯൬

കല്പവൃക്ഷകുസുമങ്ങൾധരിക്കാമല്പഭാഷിണിനിണക്കളി
വെണി അല്പമല്ലസുഖമംബുജനെത്രെ തൽപുരത്തിലമലെ
നൃപകന്യെ . . . ൯൭

ഭക്ഷണംമധുരമാമമൃതംകെൾശിക്ഷയൊടതുഭുജിച്ചുസുഖി
ക്കാം പക്ഷമല്ലപറയുന്നതെടൊഞാൻ തൽക്ഷണംബത നി
ന്നക്കറിയാറാം . . ൯൮

ശീതഭാനുസദൃശാനനനാമദ്ദൂതവാക്കിനുടനുത്തരമപ്പൊ
ൾ കാതരാക്ഷിനൃപകന്യകതന്നെ കാതരത്വമിയലാതെപറ
ഞ്ഞാൾ . . . ൯൯

എന്തിനിങ്ങിനെമനൊഹരവാക്യംചന്തമൊടുപറയുന്നതെ
ടൊനീ അന്തരംഗമതിലിങ്ങൊരുനാളും ചിന്തയില്ലമമ സ്വ
ൎഗ്ഗസുഖാൎത്ഥം . . . ൧൦൦

ധൎമ്മതുല്യസുഖമെന്നതുമാത്രംനിൎമ്മലാംഗദിവിലഭ്യമതൊക്ക
ധൎമ്മവുംമഹിതശൎമ്മവുമെല്ലാം ധൎമ്മിണാംക്ഷിതിതലെസുല
ഭംകെൾ . . . ൧൦൧

ധൎമ്മസംഭൃതിതപൈവയഥാവച്ചൎമ്മഭുക്തിയിവ രണ്ടിനു
മൊററം ധൎമ്മമുള്ളൊരുജനത്തിനുനല്ലു നിൎമ്മലാത്മനിഹമ
ന്നിടമത്രെ . . . ൧൦൨

ഇന്ദ്രചന്ദ്രവരുണാഗ്നിയമന്മാരിന്നെനിക്കുനളഭൂപതിയ
ത്രെ ഇന്ദ്രദൂതപരമാൎത്ഥമിതൊക്ക ചന്ദ്രശെഖരപദെനശപെ
കെൾ . . . ൧൦൩

ഇച്ഛയില്ലമരനാഥനിലും മറെറച്ഛമാനസയമങ്കലുമിപ്പൊ

ാം വിശ്വസിക്കവെരുണങ്കലുമില്ല വിശ്വസ്സദരക്കുശാനു വി
ല്ലുംമെ . . . ൧൨൪

ഒട്ടകത്തിനുഏദിപ്രിയമെററംവാട്ടമില്ലറിക കണ്ടകവൃക്ഷം
ഒട്ടമെയതരുതെന്നുപറഞ്ഞാ ലൊട്ടകങ്ങൾവിട്ടുമൊ വദഗ്ദ
ത . . . ൧൨൫

നല്ലബാലതൃണഭക്ഷണമല്ലൊ വല്ലഭംഏദിസഖെ ഹരി
ണാനാംനല്ലതല്ലതുപരിത്യജയെന്നും ചൊല്ലിയാലതു ഫലം
വരുമൊചൊൽ . - ൧൨൬

എന്തിലൊന്നിലൊരുവന്നുപ്രിയംകെളന്തരംഗമതി ലെന്ന
തുവന്നാൽ അന്തരംപുനരതിന്നുവരുത്താൻ ഹന്തമറെറാരുപ
മാനുപ്രയാസം . . . ൧൨൭

കൌശികാദികളിലില്ലരസംമെകൌശലംതവ ഫലിക്കയു
മില്ല കൌശികൻപരിഹസിപ്പതിനത്രെകൌശലങ്ങൾതുടരു
ന്നതിദാനീം . . ൧൨൮

ദെവനാരികളൊടൊത്തുരമിക്കുംദെവകൾക്കുമനുജാംഗന
മാരിൽ കെവലംരസമൊരിക്കലുമുണ്ടാവാനെടൊകിമപിസം
ഗതിയില്ല . . . ൧൨൯

എന്നുമല്ലമരനാരികളൊടി മ്മന്നിലുള്ളനരനാരി കൾ
ചെൎന്നാൽ മിന്നുമക്കനകരീതികൾപൊലെവന്നുകൂട്ടമിഹഭെ
ദമറിഞ്ഞാൽ . . . ൧൩൦

ഇക്കഥാശ്രവണമെമമവെണ്ടചിക്കനെപ്രിയമിനിക്കതിലി
ല്ല ഉൾക്കരുന്നിലൊരുവാഞ്ഛഭവാൻെറ മിക്കതുംകഥകൾ
കെൾപ്പതിനിപ്പൊൾ . . ൧൩൧

എന്നുടെകണവനാംനളഭൂപൻ തന്നുടെതനുവരച്ചമരാളം
തന്നുതാമരയുടെയിലയിൽപ ണ്ടിന്നതിന്നുസദൃശംതവ രൂ
പം ൧൩൨

വീരസെനസുതനൊടുസമാനൻ വീരനാകിയഭവാൻസു
കുമാരൻ ആരുവാൻപറകെടൊപരമാൎത്ഥം പെരുതാവകമു
രക്കമെദത്ഥം" . . ൧൩൩

എന്നുഭൈമസുതചൊന്നതുകെട്ടമ്മന്നവന്നുപരിതൊഷമിയ
ന്നു വന്നകാമമഴകൊട്ടമറച്ചക്കന്നൽനെൎമിഴിയൊടാശ്ശു പ

റഞ്ഞാൻ Nala: . . ൧൧൪

„ഇപ്പറഞ്ഞതിനുടൻപണിയുണ്ടെന്നുല്ലലാക്ഷിമന്നതാരിലി ദാനീം അല്പശങ്കതവവന്നതുമൂലംകെല്പിനൊടിഹ പറഞ്ഞു വിരൊധം . . . ൧൧൫

ഇന്നുഞാനനുഗ്രഹിച്ചഹൃദന്തെ നന്നെടൊതവവിചാരമ തിപ്പൊൾ തമ്പിമാർകുലമണെകളിയല്ല വന്നുകൂട്ടമിതുനി ൎണ്ണയമത്രെ . . . ൧൧൬

ഇന്ദ്രനൊടിഹരമിച്ചുവസിപ്പാൻതമ്പിമാൎക്കമടിയെന്നുപറ ഞ്ഞാൽ ഇന്നൊരുത്തനതുബൊദ്ധ്യവുമല്ലനന്നുനിന്നുടെ വി ചാരമതെല്ലാം . . ൧൧൭

വാനിൽമാനുഷർഗമിച്ചുവസിച്ചാൽ മാനമുള്ളമരരാശ്ശരു മല്ലൊ നൂനമൊക്കരസമെന്നതുകൊണ്ടങ്ങുനമറവട നിരിമ്പ തുപൊന്നാം . . . ൧൧൮

വാസവാഗ്നിയമപാശികളിൽവെച്ചാശതെവദപ്രിയം ചട്ട ലാക്ഷി ആശ്ശുഞാനവനെയിങ്ങുവരുത്താം വീശകെതുകൃപ കൊണ്ടതുസാദ്ധ്യം" . . . ൧൧൯

ഇപ്രകാരമരുൾചെയ്യൊരുവാക്യം ക്ഷിപ്രമന്നൃപകുമാരിക കെട്ടു വിപ്രിയംഹൃദിവളൎന്നുകരഞ്ഞാൾ തൽപ്രിയംനളനി ലായതുമൂലം. . . . ൧൨൦

„കഷ്ടമിങ്ങിനെഭവാൻകൃപകൂടാ തിഷ്ടമിങ്ങുലഭിയാത്തൊരു വാക്യം തുഷ്ടിപൂണ്ടുപറയുന്നതുപൊരും ശിഷ്ടചിത്തപഴുതെപ റയെണ്ട . . . ൧൨൧

ചൊന്നവാക്കിനുടനുത്തരമിപ്പൊളിന്നുനീ പറെകെടൊ കരുണാബ്ധെ നന്നുനീകുശലനെന്നുധരിച്ചുപിന്നെയെന്തിനു വൃഥാപറയുന്നു" ൧൨൨

ഭീമജാവചനമിങ്ങിനെകെട്ടുഭൂമിപൻനളനുരച്ചുതദാനീം „കാമിനീമുടിമണെകരയെണ്ടാ കാമിതംസഫലമായി വരും തെ. . . . ൧൨൩

ഞാനെടൊനളനരെശ്വരനൊക്ക മാനസെവെടികനീപ രിതാപം ദീനഭാവമകലെത്യജകാന്തെ മാനസംവിമല മെ വതവാഴ്ക. . . . ൧൨൪

ഏണനെർമിഴിമണെതവദെഹം കാണ്മവാൻമനസിഞാൻകൊതിയൊടെ വാണിതെത്ര ദിവസം മധുവാണി പ്രാണസങ്കടമെനിക്കുളവായെൻ . . ൧൨൪

മുല്ലബാണശരമെററുപിടിച്ചൊ രല്ലലിന്നുപറെവാൻ പണിയത്രെ പല്ലവാധരി തവാനനമിപ്പൊളുല്ലസിച്ചു ബത കണ്ടതുഭാഗ്യം ൧൨൫

ശീതഭാനുമുഖി ഭീമസുതെ നിൻ ചൂതവാർമുലപുണന്നു സുഖിപ്പാൻ നീതിമാൻവിധിവിധിച്ചൊരുകാലം എതുമൊന്നഹമറിഞ്ഞതുമില്ല . . . ൧൨൬

ഉണ്ടുകല്പനനമുക്കതിനെന്നാൽരണ്ടുനാലുദിവസത്തിനു മുമ്പെ ഇണ്ടലററഴകിനൊടുരമിക്കാം വെണ്ടടൊതവ വിഷാദമശെഷം . . ൧൨൭

വമ്പരാംസുരപതിപ്രമുഖന്മാരിമ്പമൊടുപലഹി കണ്ടുടനെന്നെ ഇമ്പമൊടിഹവിളിച്ചരുൾചെയ്യു നെൻപ്രിയെപലവിധംവചനങ്ങൾ . . ൧൨൮

ഇന്നൊരാളൊടൊരുദൂതുരചെയ്വാ നിന്നുപൊയ്വരണമെന്നുപറഞ്ഞാർ ഇന്ന ദിക്കിലതു വെണ്ടതുതാ നെന്നൊന്നുമെയഹമറിഞ്ഞതുമില്ല ൧൩൦

സമ്മതിച്ചിതിതുചെയ്യതിനായിഞാൻ നിമ്മലൻസുരവരൻപുനരപ്പൊൾ നിമ്മലെ കപടമററുപറഞ്ഞു നിന്മനൊഗതമറിഞ്ഞുഫചെൽവാൻ ൧൩൧

വന്നിതെന്നതുനിമിത്തമെടൊഞാ നന്നതന്നുനരെമടിയാതെ വന്ദ്യമാകിയജനംപറയുമ്പൊൾ പിന്നയെന്തുകഴിവെന്നു നിനച്ചെൻ ൧൩൨

എന്തുഞാൻസുരവരാദികളൊടി ന്നന്തരെണ രഹിതംപറയെണ്ടു ചിന്തചെയ്യുവദവാരിജനെത്രെ ഹന്തഞാനതവരൊടുരചെയ്യാം . . . - - . ൧൩൩

ദൂതനാമ്മമവിളംബനമൊത്തി ട്ടാതുരതമൊടു ദെവകളിപ്പൊൾ പൂതമാനസതമെമരുവുന്നു നീതിയൊടുടനുരക്കഹിതംതെ ൧൩൪

വീരസെനസുതവാക്കുകൾകെട്ടു നീരജാക്ഷിപരിതൊഷ

മിയന്നു വീരനാന്നളമഹിപതിയൊട ച്ചാരുഭാഷിണിപറഞ്ഞുപതുക്കെ ൪൰൫

നാളരാവിലെസ്വയംബരമുണ്ടാം മെളമാന്നൊരുകുതുഹലമൊടെ വെളികാണ്മതിനായമരന്മാർ നാലരുംപരിചിലിങ്ങുവരട്ടെ ൪൰൬

ഇന്ദ്രനാദികളൊടൊത്തുഭവാനും ചന്ദ്രനെവ്ദനകാന്തവരെണം മന്നിലുള്ളനരപാലകരെല്ലാ മന്നുവന്നുനിറയുംബതരംഗെ ൪൰൭

ദെവനാഥമുഖദെവകളും മറ്റെവമന്നരവരെവഘവുമെല്ലാം ദെവസുന്ദരവസിച്ചരുളുമ്പൊൾ കെവലംവരുമട്ടത്തിഹഞാനും ൪൰൮

വന്നുഞാൻതവഗളത്തിൽവിടുംകെ ളുന്നതപ്രഭകലന്നൊരുമാല്യം നിന്നുകാണണ്മതാശ്രുസുരന്മാർ പിന്നയുള്ളധരണീന്ദ്രരുമെല്ലാം ൪൰൯

സാദ്ധ്വിയാംമമചരിത്രമശെഷം ബൊദ്ധ്യമായിവരുമാശ്രുസുരാണാം സാദ്ധ്യമാംമമഹിതംപുനരപ്പൊൾ ബൊദ്ധ്യമൊമമഹിതംപുനരൊത്താൽ ൫൰

വന്ദ്യരാമമരരെപ്പരിചൊടെ നന്ദിപൂണ്ടഴകിനൊട!ഹവദ്രമന്ദയാംമമഹിതം വരുവാനായിങ്ങവർവരമെനിക്കുതരെണം ൫൰൧

ഇങ്ങിനെപറകദെവകളൊടിന്നിംഗിതജ്ഞ നയകൊവിദരാജൻ അങ്ങവൾക്കിഹമനസ്സിൽവിരൊധം തുംഗപൌരുഷവരാദ്ധമത്രെ ൫൰൨

എന്നുഭൈമജപറഞ്ഞതുകെട്ട മന്നവൻകുതുകമാന്നുഗമിച്ചാൻ ചെന്നുദെവകളുടെസവിധത്തിൽ നിന്നുവന്ദനകഴിച്ചുപറഞ്ഞാൻ ൫൰൩

സുന്ദരാംഗവലനാശനവഹ്നെ വന്ദനീയശമനാമലബുദ്ധെ നന്ദനീയവരുണാശുഭവാന്മാരിന്നു മദ്വചനമന്വൊട്ടുകെൾപ്പിൻ ൫൰൪

ചെന്നുഞാൻദമനസൊദരിയൊടിന്നിങ്ങളെചരിതമൊക്കയുരച്ചെൻ കന്യകാനൃപകുമാരികയപ്പൊൾ നന്ദിപൂണ്ടിഹ

പറഞ്ഞുപതുക്കെ . . . ൱൪൫

അന്നവീരവചനെനവരിച്ചെൻമുന്നമെനളനൃപംമനസാഞാൻ ഇന്നുമറ്റൊരുപുമാനെവരിപ്പാനെന്നുടെമനസിവാഞ്ഛയുമില്ല ൱൪൬

നല്ലതല്ലതുകുലാംഗനമാക്കങ്ങല്ലൊ വന്നിഹഭവിക്കുമതൊക്ക ചൊല്ലെടൊസുരജനത്തൊടിതെല്ലാം തെല്ലുമെപിഴവരാത്തവിധത്തിൽ . . . ൱൪൭

ഇന്ദ്രനാദികളുംസ്വയംബരഘൊഷം നിന്നുകാണ്മതിനുനാളവരട്ടെ അന്നുനൈഷധനെമാലയിട്ടും ഞാനെന്നുചെന്നുപറകെന്നുപറഞ്ഞാൾ . . . ൱൪൮

ഏറിയൊരുവിധമാശുപറഞ്ഞു ക്രൊധംകൊണ്ടിഹഭവിച്ചതുമില്ല വെറെയെന്തുപറവാനഹമെന്നൊത്തറനിന്നുപറയാതിഹപൊന്നേൻ ൱൪൯

എന്തുചെയ്തതഹമിന്ദ്രവലാരെ ദന്തിഗാമിനിയുടെഹിതമെവം അന്തരംഗമതിലിങ്ങറിവാനും ഹന്തനിന്തിരുവടിക്കിഹശക്യം ൱൫൰

ചെല്ലെറുംനൈഷധന്റെ ഗിരമിതിസുരനാഥാദി കളുംനാലരുംകെട്ടുല്ലാസംവിട്ടുചൊന്നാരവനൊടു സരസംനല്ലകാരുണ്യവാന്മാർഞങ്ങളെല്ലാംകുറമൊത്താൽഭവതിനള മഹീപാലമല്ലാക്ഷിയാമ കല്യാണാംഗീടെചിത്തംകറിന മതിനുനാമെന്തുചെയ്യെണ്ടതയ്യൊ. . ൱൫൧

കാണാമെണാങ്കബിംബാനനനളകമനീയാംഗി വെളിക്കുനാളെ വെണപ്പെട്ടുള്ളകാര്യംമനതളിരിൽനിനച്ചുള്ള തന്നെരമാവാം എണാക്ഷീംഭീമപുത്രീംപരിചിനൊടു വരിച്ചീടുവാനുള്ളയൊഗം കാണാമാക്കെന്നുനാളപ്പുലരിൽ നരപതെവീരസെനന്റെസൂനൊ. . . ൱൫൨

എന്നെല്ലാംചൊല്ലിമെല്ലെ പുനരവിടമറഞ്ഞീടിനാർദെവവൃന്ദംപിന്നെയക്ഷൊണിപാലൻ നളനതിഗുണവാൻപുണ്യവാൻബന്ധഹീനൻ മിന്നിപ്പാരംവിളങ്ങും കനകമയരഥംതന്നിലെറിഗ്ഗമിച്ചാ നന്നെരംവന്ദനീയാകൃതി മിഹിരസഹസ്രാഭനാനന്ദപൂർണ്ണൻ. . . . ൱൫൩

സപ്തമസ്സൎഗ്ഗാരംഭഃ

അത്രാന്തരെ തത്ര ദമസ്വസാവിൻ ചിത്ത്വമാൎന്നൊരു സ്വ
യംബരാൎത്ഥം ധാത്രീപതിക്കൂട്ടമതീവഘൊഷാൽ ധാത്രീന്ദ്രഗെ
ഹെ ബത വന്നുകൂടി ൧
മത്തെഭസംഘം തുരഗങ്ങൾ പിന്നെ ചിത്തെ മഹൽകൌതു
കമാൎന്നുകൊൾവാൻ ഒത്തങ്ങു കൂട്ടം രഥജാലവും വന്നെത്തീ
ടിനാൻ കുണ്ഡിനപൂരിലപ്പൊൾ . . ൨
തിക്കും തിരക്കും പറയാവതല്ലങ്ങു കുണ്ഡിനെ പൂരിതമായി
ഘൊഷം തക്കത്തിലുൾക്കുള്ളവർ മുമ്പിൽമുമ്പിൽ ചിക്കന്നു വെ
ക്കത്തിലുടൻ കടന്നാർ . . . ൩
പാട്ടും കുഴൽ വീണകൾ മദ്ദളങ്ങൾ കൂട്ടത്തിൽ നിന്നാശു മുഴ
ക്കമൊടും കൂട്ടീടിനാർ വാട്ടമകന്നു കൊണ്ടന്നാട്ടാൎക്കു കൌതുഹ
ലമുത്ഭവിച്ചു ൪
മാലെയകസ്തൂരികളെന്നിവറ്റിൻ ചെലാൎന്ന സൌരഭ്യമുര
ച്ചുകൂടാ കൊലാഹലം കുണ്ഡിനപൂരിലെറ്റം ചാലെ പരന്നാ
ശു മഹാവിചിത്രം . . . ൫
കുന്ദാദിയായുള്ള സുമങ്ങൾ കൊണ്ടും മന്ദെതരം നല്ല മണം ക
ലൎന്നു ഇന്ദിന്ദിരം വന്നു നിറഞ്ഞിതപ്പൊളൊന്നൊത്തു കൂടീ കു
തുകം ജനാനാം ൬
ഓരൊ നൃപന്മാരതിസാഹസത്താൽ പാരാതെ വെഗെന ക
ടന്നു നിന്നു നീരാതെ കൊടിച്ചിലർ മുട്ടുകത്തിൽ പാരിൽ പതിച്ച
ങ്ങുരുളുന്നു മദ്ധ്യെ . . . ൭
വാദ്യങ്ങൾ കൊണ്ടാശു മുഴങ്ങി ലൊകം മൊദ്യങ്ങളെന്നെ പ
റയെണ്ടു പാൎത്താൽ പാദ്യാസനാൎഗ്ഘ്യാദികൾ കൊണ്ടു പൂജാമാ
ദ്യന്നൃപാണാം വഴിപൊലെ ചെയ്തു . ൮
മഞ്ചങ്ങളൊരൊന്നിലിരുത്തി ഭീമൻ തഞ്ചാതെ വന്നൊരു
മഹീശവൃന്ദം അഞ്ചാതമൊദെന വസിച്ചു നന്നായ്നെഞ്ചും തെ
ളിഞ്ഞു നൃപവൃന്ദമെല്ലാം . . . ൯
അന്നേരമത്യുത്തമനെന്നു ലൊകെ നന്നായ് പ്രസിദ്ധത്വമിയ
ന്ന വീരൻ കന്ദൎപ്പനെക്കാളതിസുന്ദരാംഗൻ ധന്യൻ നള

ക്ഷോണിപനാശു വന്നാൻ . . ൪൦

മഞ്ചകരേറീട്ടു വിളങ്ങിനാൻ നൽപഞ്ചാസ്യഭാവൻ നളനത്യു
ദാരൻ നെഞ്ചിൽതദാസംകടമൂതടവിച്ചു കിഞ്ചിൽധരിത്രീപതിക
ൾക്കശേഷം . . . ൪൧

ഏവം ധരാപാലകവൃന്ദമെല്ലാം ഭാവം തെളിഞ്ഞാശു വസി
ച്ചുപിന്നെ അതവിഷ്ടരാതത്രഭവിച്ചഘോഷം ചാവൊളവും ചൊ
ൽകിലൊടുങ്ങയില്ല ൪൨

ഓരോവിധം മാനുഷവൃന്ദമെത്തി പാരാതെമൊദിച്ചുവി
ടെ നിറഞ്ഞു തീരാ വളത്തിപ്പറവാൻ തുടൎന്നാൽ പാരിച്ചക
ല്യാണകുതൂഹലങ്ങൾ ൪൩

വിപ്രെശ്വരാണാം വരവിന്റെ ഘോഷം ക്ഷിപ്രം പറഞ്ഞാ
ലൊരൊടുക്കമില്ല സുപ്രീതിപൂൎവ്വം പിതൃപുത്രമിത്രൈ വിപ്രൌ
ഘമൊരൊവഴിയാത്രകൂട്ടി ൪൪

അത്യന്തമന്ദാരഭവിപ്രരെല്ലാ മത്യാദരം പൂണ്ടു നടന്നു
വെഗാൽ അത്യന്തമൊദാലിഹവന്നുവന്നങ്ങെത്തിത്തദാകുണ്ഡി
നവും നിറഞ്ഞു ൪൫

ഭൂപാലരെല്ലാം ബത വന്നു മോദാ ലാപൂൎണ്ണകൌതൂഹലമാ
ൎന്നശെഷം ഭൂപാലയത്തിങ്കലുദിച്ചിതപ്പോൾ ഭൂപെന സമ്പാ
ദിതമായവാദ്യം ൪൬

ശംഖിന്റെ ശബ്ദം നിറവായ്ഭവിച്ചു സംഖ്യാവിഹീനം ചില
പാട്ടുമാട്ടം സംഘത്തിൽ നിന്നാശു പരന്നിതപ്പോൾ സംഖ്യേ
തരം നല്ലമണങ്ങളെല്ലാം . . . ൪൭

വന്നങ്ങിരിക്കുന്നൃപവൃന്ദമെല്ലാം മന്ദേതരം മോദമിയന്നു
ഭീമൻ നന്നായ്വിലൊക്യാശു മനക്കരുന്നിൽ പിന്നെവിചാ
രിച്ചിതുപുണ്യശീലൻ. . . . ൪൮

„ഇക്കണ്ടധാത്രീപതികൾക്കു പാൎത്താൽ ചൊൽക്കൊണ്ടെഴും
ശീലകുലാദിയെല്ലാം വെക്കത്തിലിന്നിന്നവിധത്തിലെന്ന
ങ്ങിക്കണ്ടമന്മാലറിവാനശക്യം. . . ൪൯

ആരുള്ളതിപ്പൊളിവരെഗ്ഗുണങ്ങൾ നെരൊടെചൊൽവാനി
ഹപാൎക്കിലയ്യോ ചാരുത്വമെറുന്നൊരു തൊഴിമാൎക്കും നെരൊ
ടെചൊൽവാൻകഴിയുന്നതല്ല.“ . . ൫൦

എന്നിങ്ങിനെ ഭീമനരെന്ദ്രനൊൎത്തിട്ടന്നെരമാത്മന്യലസാത്മഭാവം നന്നാസ്ഥിചാരിച്ചൎമ്മാമണാളംപിന്നെസ്തുതിച്ചാനതിഭക്തിയൊടെ . . . ൨൧

„ചെന്താമരാക്ഷാഖിലലൊകബന്ധൊസന്താപകാന്താരദവാഗ്നയാശസന്താപചെന്തീക്കനൽകൊണ്ടുവെകും ചിന്താകുലംമാമിഹപാഹിവിഷ്ണൊ . . . ൨൨

നാരായണശ്രീരമണാസുരാരെചൊരാതെരക്ഷിക്ക മനൊജ്ഞമൂൎത്തെ പെറായിരംപൂണ്ടഭവൽപദാബ്ജം നെരെമമാലംബനമബ്ധിശായിൻ . . . ൨൩

കാരുണ്യപീയൂഷസമുദ്രമെനിൻകാരുണ്യലെശംമമവെണ്ടതില്ലൊ‍ാം ആരുംഭവാനെന്നിയെമന്ദനാമെൻഖെദാരാധിശാന്ത്യൎത്ഥമൊരുത്തനില്ല. . . ൨൪

കുംഭീന്ദ്രമൊക്ഷപ്രദഗൊപനാരീ സംഭൃതകാമാൎത്തിഹരാംബുജാക്ഷ സംഭൃതമാമെൻപരിതാപമില്ലൊ ളംഭൊജബാണാരിനതാശ്രുതീക്ക." . . . ൨൫

ഏവംക്ഷിതീന്ദ്രസ്തുതികെട്ടനാഥൻ ഗൊവിന്ദനാമൊദമിയന്നപാരം ആവിൎഭവൽകൌതുകമംബുജാക്ഷീംദെവീംബഭാഷെബതഭാരതീംതാം . . . ൨൬

„മല്ലാക്ഷിമാൎമൌലിമണെസുശീലെചൊല്ലെറുമക്കുണ്ഡിനപൂരിലിപ്പൊ‍ാം തെല്ലുംമടിക്കാതെഗമിക്കണംനീ ചൊല്ലുള്ളഭൈമീസവിധെമനൊജ്ഞ . . . ൨൭

ഉണ്ടങ്ങുഭൈമിക്കവിവാഹമായ്ത്ത തണ്ടാർശരാൎത്ത്യാധരണീശരെല്ലാം വെണ്ടുന്നസൈന്യത്തൊടുകൂടിവന്നിട്ടിങ്ങൽപിടിച്ചങ്ങുവസിച്ചിടുന്നു. . . ൨൮

ഒന്നല്ലരണ്ടല്ലമഹീശരന്മാർ വന്നങ്ങുമെവുന്നതു സംഖ്യയില്ല വന്നുള്ളമന്നൎക്കുളവാംഗുണങ്ങൾനന്ദിച്ചുചൊൽവാനൊരുതൊഴിയില്ല . . . ൨൯

ഭീമാത്മജക്കിന്നൊരുതൊഴിയായിട്ടാമൊദപൂൎവ്വം ബതപൊകണംനീവാമാക്ഷിഭൈമിക്കുതുണക്കചെമ്മെഭീമാൎത്തിതീൎത്തീടുകപുണ്യശീലെ." . . . ൩൦

നാരായണൻതൻഗിരമെവമെല്ലാംപാരാതെകെട്ടമ്മഭിരാ

ക്ഷിവാണീ പാരിച്ചമൊദെനഗമിച്ചുവെഗാൽ പാരിൽവിദ
ൎഭെന്ദ്രപുരംപ്രവെദെ . . ൩൧

ഭീമാന്തികംപ്രാപ്യപറഞ്ഞുവാണീ ഭീമെതരാകാരഗുണാദി
പൂൎണ്ണാ സൊമാനനാസുന്ദരിമന്ദമന്ദം സാമൊദമമ്മന്ന വ
നൊടിവൎണ്ണ്യം . . . ൩൨

ഭൂമീപതെഭീമമനൊജ്ഞമൂൎത്തെ ഭൈമിക്കുഞാനിന്നൊരു
തൊഴിയത്രെ കാമിച്ചകാന്തൻതവപുത്രിഭൈമിക്കാമെന്നു നീ
ബൊധയവെണ്ടഖെദം . . ൩൩

ഓരൊനൃപന്മാൎക്കുളവാംഗുണംഞാ നൊരൊന്നുവെവ്വെറെ
പറഞ്ഞുകൊൾവൻ ആരെവരിപ്പാൻകൊതിയെന്നുവെച്ചാൽ
പാറാതെനിൻപുത്രിവരിക്കവെണ്ടു . . . ൩൪

ഇക്കണ്ടരാജാക്കളുടെഗുണംഞാനൊക്കപ്പറഞ്ഞീടുവനില്ല
ശങ്കാനിക്കംവരാതുള്ളഗുണംകലൎന്നൊരുക്കുള്ളരാജാക്കളിതൊ
ക്കയുംകെൾ ൩൫

നാരായണൻതന്നുടെവാക്കിനാൽഞാൻപാരാതെവന്നെ
നിവിടെമഹാത്മൻ നെരത്തിനിക്കുഞ്ഞുകുമാരിഭൈമീ പാരി
ച്ചമൊദെനപുറപ്പെടട്ടെ . . ൩൬

ഐന്ദ്രൊളമാരുഢ്യമനൊജ്ഞശീലാ ദാന്താനുജാശാന്തത
രസ്വഭാവാ കാന്ത്യാവിളങ്ങുമ്പൊഴുതിന്നൃപന്മാർഭ്രാന്ത്യാനടി
ക്കുന്നതുകണ്ടുകൊള്ളാം . . . ൩൭

ഇക്കണ്ടഭൂപാലകവൃന്ദമദ്ധ്യെ ചൊൽക്കൊണ്ടവൈദൎഭി വ
രെണമിപ്പൊൾ ഇക്കണ്ടവൎകാണണമിക്കുമാരിക്കുള്ള കാ
ന്ത്യാദിഗുണങ്ങളെല്ലാം . . . ൩൮

മീനദ്ധ്വജൻപുഷ്പശരങ്ങൾതൂകി താനെനൃപന്മാരുടെചി
ത്തമെല്ലാം ഊനംവരുത്തീട്ടുനടന്നിടെണം മാനിക്കണംതാ
ൎശരനെനൃപന്മാർ . . . ൩൯

വാമാക്ഷിയാംഭാരതിതൻറവാക്യം ഭീമക്ഷിതീശൻ ബ
തകെട്ടനെരം ആമൊദമാൎന്നമ്പൊടുകൂപ്പിവെഗാൽ പ്രെമാ
ധികാംഭാരതിയെതദാനീം . . ൪൦

പിന്നെനൃപൻതന്മകളായിമെവും തന്വംഗിതൻഭൂഷണ
ജാലമെല്ലാം നന്ദിച്ചെടുത്താശുകൊടുത്തുവെഗാലന്നെരമത്യ

ൽകടമൊദപൂവം . . . ൪൰൧

നാരീജനംനീരദവെണിയാമന്നാരീമണീംഭീമനരെന്ദ്രപു ത്രീം പാരാതെവെഗാലഴകൊടണീ ച്ചാരൊരൊതരംഭൂഷണ മത്ത്യുദാരം ൪൰൨

വണ്ടിൻനിറം പൂണ്ടൊരുകെശബന്ധെവെണ്ടുംവിധംപൂവ ണിയിച്ചുമുമ്പിൽകണ്ടാലതെററംകുതുകംജനാനാ മുണ്ടാളുരും സംശയമില്ലതെല്ലും . . . ൪൰൩

താടങ്കവുംതാലിയുമത്ഭുതാംഗിക്കാടൽവെടിഞ്ഞത്ഭുതഭംഗി യൊടെ കെടററകെട്ടിച്ചിതുനാരിമാര ങ്ങീടുററസന്തൊഷര സാഭിപൂണ്ണും ൪൰൪

പൊന്മാലകെട്ടിച്ചൊരുശൊഭകണ്ടാ ലുന്മാദമുണ്ടാം മദന നുപൊലും വന്മൊഹമുണ്ടാമതുകണ്ടവൎക്കെന്നെന്മാനസം ത ന്നിലുറപ്പുവന്നെൻ . . . ൪൰൫

കണ്ണാഭായെകുണ്ഡലവുംധരിപ്പിച്ചണ്ണൊജനെത്രക്കതിഭംഗി യൊടെഗണ്ഡസ്ഥലം തന്മണികുണ്ഡലത്താൽകണ്ണിന്നുപുണ്യ ത്തെവളത്തിനിന്നു . . . ൪൰൬

മത്തെഭസഞ്ചാരിണിതൻകഴുത്തിൽ പുത്തന്മണിസ്രക്കണി യിച്ചുചെമ്മെ ചിത്തത്തിലത്യന്തകുതൂഹലത്താൽ മുത്തിന്റെ മാല്യങ്ങളുമപ്രകാരം . . . ൪൰൭

തന്വംഗിതൻബാഹുലതായുഗാന്തെ മിന്നുന്ന നൽപൊൻവ ലയങ്ങൾചെൎത്തുപിന്നെവിരൽക്കുന്നതകാന്തിതെട്ടുംപൊന്നം ഗുലീയങ്ങളുമിട്ടുതൃഷ്ടാ . . . ൪൰൮

ബാലാൎക്കബിംബപ്രഭതൊററമണ്ടുംചെലാറ്പട്ടുംപരി ചൊട്ടുടുത്താൾ നീലാരവിന്ദാക്ഷിനരെന്ദ്രപുത്രീലൊലാഞ്ച ലാംകാഞ്ചിലതാംധരിച്ചാൾ . . . ൪൰൯

മഞ്ജീരവുംമഞ്ജുളരത്നചിത്രം കഞ്ജായതാക്ഷീബതകാല്ക്കു ചെൎത്താൾ മഞ്ജുത്വമൊടഞ്ജനവുംധരിച്ചാൾ കഞ്ജത്തെനി ന്ദിച്ചൊരുനെത്രയുഗ്മെ . . . ൫൰

കൊങ്കദ്വയെകുങ്കുമപങ്കമെററം തിങ്കൾമുഖീചെൎത്തുവിള ങ്ങിനിന്നാൾ തങ്കത്തിനാൽനിമ്മിതകുംഭയുഗ്മെ ചെങ്കല്ലര ച്ചന്നൊട്ടുചെൎത്തപൊലെ . . . ൫൰൧

കസ്തൂരിയുംചന്ദനമെന്നിവണ്ണം വസ്തുക്കൾസൌരഭ്യമിയ
ന്നതെല്ലാം വിസ്താരമാസ്ഥാറിടഭിത്തിതന്മെൽശസ്തതാമുണ്ടാം
പടിചെൎത്തുപിന്നെ . ൫൨

നെററിത്തടത്തിങ്കലമന്ദശൊഭം തെററന്നുതൊട്ടതിലകം
കുമാരീ മററുംമഹത്വൊഷനമുള്ള ഭൂഷക്കൾവരാചൊല്ലുകി
ലെന്നുനൂനം ൫൩

ദാന്താനുജാസുന്ദരിമന്ദമപ്പൊ ളൈന്തൊളവുംകെറിയിരു
ന്നുവെഗാൽ ഐന്തൊളവുംതൊളിൽവഹിച്ചുമെല്ലെ ശ്രാന്ത്യാ
വിനാകിങ്കരരുംനടന്നാർ . . ൫൪

ഐന്തൊളപാൎശ്വനടകൊണ്ടിതപ്പൊൾ പൂന്തെന്മൊഴീഭാ
രതിദെവിതാനും സ്വാന്തെജനാനാംകുതുകംവളൎന്നു കാന്ത്യാ
ദമാനന്തരജാവിളങ്ങി . . . ൫൫

വെണ്ണാമരംരണ്ടുപുറത്തുമെററം തഞ്ചാതെകണ്ടാശ്രുപിടി
ച
ച്ചുഭംഗ്യാ അഞ്ചാതുയൎന്നിട്ടുവിളങ്ങിനില്ക്കും മൊഞ്ചെറുമച്ചന്ദ്ര
യുഗംകണക്കെ ൫൬

വെണ്മസ്വരംപൂരിതമായിതപ്പൊൾ വെണ്മന്നവാദ്യെനമ
ഴങ്ങിലൊകം കാണുന്നവൎക്കെന്തൊരുപുണ്യമൊൎത്താൽകാണാ
ത്തവൎക്കപ്പടിപുണ്യനാശം . . . ൫൭

വാരാംഗനാകെളിവിലൊകനത്താ ലൊരൊജനത്തിനുഭ
വിച്ചമൊദം നെരെപറഞ്ഞീടണമെന്നൊൎത്താലാ രാലു
മാമല്ലിഹനൂനമത്രെ . . ൫൮

ചൊല്ലുള്ളദാന്താനുജയെതദാനീ മെല്ലാവരുംകണ്ടിതുരംഗ
ദെശെ ഉല്ലാസമാൎന്നുള്ളകുളത്തിതപ്പൊൾമല്ലാക്ഷഗൻതാൻ
തലയുംകുലുക്കി . . . ൫൯

അപ്പൊളരംഗത്തിലുദിച്ചഘൊഷം തപ്പാതെചൊൽവാ
ൻപണിയുണ്ടുപാരം ഇപ്പാരിലാരുംമതിയല്ലതിന്നെന്നുൾപ്പൂ
വിലുണ്ടിങ്ങൊരുതൊന്നലിപ്പൊൾ . . ൬൦

കാണായിതപ്പൊളവനീശ്വരന്മാ ൎക്കെണാക്ഷിയാമദ്ദമജാ
മിതന്നെഏണാങ്കബിംബാസ്യയുടെശരീരം കാണായനെര
ത്തവർനൊക്കിനിന്നാർ . . ൬൧

താരുണ്യലാവണ്യവമത്യുദാര മാരുണ്യമാൎന്നൊരധരൊഷ്ഠ

കാന്തികാരുണ്യ ഭാവംമിഴികൾ വിലാസം നെരെ സമാലൊ
ക്യകളുത്തുചിത്തം ൩൨
വണ്ടിന്റെ കൊണ്ടൽക്കിടർ നൽകിമെവും തൊണ്ടിപ്പഴം നെ
രധരീടെ കെശം കണ്ടുള്ളവൾക്കുള്ളുതപിച്ചുപാരം തണ്ടാർശരൻമ
ണ്ടിയടുത്തിതപ്പൊൾ . . . ൩൩
ശാതൊദരീവക്ത്രസരൊജമപ്പൊൾ ചെതൊരസംപൂർണ്ണവ
ലൊക്യമൊഹാൽ ശീതാംശുവെന്നുള്ളിലുറച്ചുനിന്നു പ്പൂതാശ
യന്മാരവനീശ്വരന്മാർ . . . ൩൪
എള്ളിൻപ്രസൂനത്തിനു നാണമെകി ത്തുള്ളിച്ചുളക്കുന്നൊരു
നാസികാം താം കള്ളല്ലകണ്ടുള്ളിലിയന്നുമൊദം തുള്ളിതദാമാ
നസപുള്ളിമാനും ൩൫
മല്ലപ്രസൂനത്തിനു ദുഃഖമെകീ ട്ടുല്ലാസമൊടാശു നിറന്നുകൊ
ള്ളും പല്ലും മനൊമൊഹനമാന്ദഹാസ ത്തെല്ലും വിലൊക്യാ
ശു നുറുങ്ങിചിത്തം . . . ൩൬
പൊന്നിൻകുടങ്ങൾക്കു മനസ്സിലെററം ഖിന്നത്വവും നൽ
കിമഹൽപ്രഭാവം മിന്നുന്ന കൊങ്കദ്വയമാശുകണ്ടു മന്നക്കുചെ
തസ്സുമയങ്ങിപാരം . . . ൩൭
സൌരഭ്യമാന്നുള്ളൊരുപൂവൽമെയ്യും ചാരുത്വമാന്നുള്ളവി
ലാസവായ്പും നെരെവിചാരിച്ചവനീശ്വരന്മാർ പാരാതെ
മൊഹിച്ചുഴൽപെട്ടുപാരം . . . ൩൮
മല്ലാക്ഷിയാമദ്ദമജാമിയെക ണ്ടല്ലിൽനൃപന്മാർക്കു ഭവിച്ച
തെല്ലാം ചൊല്ലാനമുക്കാവതുമല്ലനൂനം മല്ലാശുഗൻതൻക
ളിയെന്തുചൊൽവു . . . ൩൯
ഏകൻസരൊജാക്ഷിയെനൊക്കിനിന്നി ട്ടാകുന്നവണ്ണംഹ
സനംതുടങ്ങിഏകൻകരംകൊണ്ടുവിളിച്ചുമെല്ലെ ശൊകംനടി
ച്ചിട്ടൊരുവൻവസിച്ചാൻ . . ൪൦
അന്യൻതദാതന്നുടെമാറിടാന്തെ മിന്നുന്നപൊന്മാലയെ
ടുത്തുവെഗാൽ കന്യാമണിംനൊക്കിനുറുക്കിവിട്ടാൻ പി
ന്നെകരത്താനതിമൂഢചിത്തൻ . . . ൪൧
കണ്ണാടിപൊട്ടിച്ചൊരുവൻതദാനീം ഗണ്ഡസ്ഥലെവെച്ചു
ഞെളിഞ്ഞുനിന്നാൻ തിണ്ണംതദാമറെറാരുവൻകരത്തിൽദ

ണ്ഡും പിടിച്ചങ്ങുനിലത്തുതുള്ളി . . . ൭൨

മറ്റെകനറെറാരുകുതൂഹലത്താലററിച്ചുപൂമാലചവച്ചുകൊണ്ടാൻ തെററന്നൊരുത്തൻ നിജമെയ്യൊടെററംപററിച്ചിരുന്നാനൊരുവൻറമൈഥം . . ൭൩

കാമംമുഴുത്തിട്ടൊരുവൻപതുക്കക്രമമെൻറഭാവത്തെനടിച്ചിരുന്നാൻ വാമാക്ഷിയെനൊക്കിയൊരുത്തനുള്ളിൽ കാമാൎത്തിപൂണ്ടാശ്രുതുടങ്ങിവൃത്തം - . ൭൪

അംഭൊജബാണാൎത്തിപിടിച്ചൊരുത്തൻ ശംഭുസ്തവംചെയ്തുതുടങ്ങിമെല്ലെ സംഭ്രതതാപാലൊരുവൻതമാനീംകുംഭീന്ദ്രനെചെന്നുപിടിച്ചടിച്ചു . . . ൭൫

ള്ളെല്ലൊരുത്തൻമലർബാണതാപാൽ വെള്ളിക്കരണ്ടംബതതച്ചൊടിച്ചാൻ ഉള്ളിൽഭ്രമംപൂണ്ടൊരുഭൂമിപാലൻ വെള്ളിപ്പിടിഖഡ്ഗമൊടിച്ചെറിഞ്ഞാൻ . . ൭൬

ചിത്തത്തിലത്തൽപിടിപെട്ടൊരുത്തൻ പൊത്തിപ്പിടിച്ചാനൊരുഭൂമിദെവം കുത്തിപ്പുറത്തമ്പിനൊടാരണൻറപിത്താംശമിപ്പിച്ചിതുമത്തചിത്തൻ . . . ൭൭

ചൂതായുധാൎത്ത്യാപുനരെകഭൂപൻ കാതുംപിടിച്ചമ്പൊടുപാട്ടുപാടി പൂതാശയൻമറെറാരുവൻഭ്രമംപൂണ്ടതെങ്കിലുംതൊന്നിയതൊതിനിന്നാൻ . . . ൭൮

ചെമ്മെയൊരുത്തൻബതവില്ലുകൊണ്ടങ്ങമ്മാനമാടിപ്പരിതൊന്നടന്നാൻ സമ്മൊഹമാൎന്ന്യനരെന്ദ്രനെകം ചമ്മട്ടികൊണ്ടൊന്നുകുമച്ചുദുഷ്ടൻ . . . ൭൯

എകൻകരെപുസ്തകവുംധരിച്ചങ്ങെകാന്തഭാവെനപൊരുൾപറഞ്ഞു എകൻകരംകൊണ്ടുഘമാറിലെററം ശൊകെനതാഡിച്ചുപതിച്ചുഭൂമൌ . . . ൮൦

മല്ലാക്ഷിതൻകൊങ്കകൾകണ്ടൊരുത്തൻ വല്ലാതെതന്മാറിടമൊന്നുനൊക്കിമല്ലാക്ഷിയൊടൊന്നു ചിരിച്ചൊരുത്തൻ നല്ലൊരുപൊന്മാലയെടുത്തുകാട്ടി . . . ൮൧

ശൃംഗാരഭാവങ്ങൾനടിച്ചൊരുത്തൻ ഭംഗ്യാവസിച്ചാനതുലപ്രഭാവംഅംഗെലസൽഭൂഷണവുംധരിച്ചിട്ടങ്ങൊട്ടുനൊക്കിതെളിവൊടിരുന്നാൻ . . ൮൨

എണാക്ഷിതൻെറവരവാശ്രുകണ്ടി ട്ടെണാങ്കബിംബാസ്യ
നൊരുത്തനെററംക്ഷീണതാവുംപൂണ്ടുവിറച്ചുവീണക്ഷൊണീ
തലെവിസ്മൃതിപൂണ്ടുനിന്നാൻ . . . ൱൩
മഞ്ചത്തിൽ നിന്നാശുനിലത്തുചാടീട്ടഞ്ചാതെനിന്നാനൊ
രുമാനവെന്ദ്രൻപഞ്ചായുധൻതന്നുടെചൊല്ലിനാലഞ്ചാത
വൻഭീമജയെസ്തുതിച്ചാൻ ൱൪
ക്ഷൊണീശവൃന്ദംപുനരിപ്രകാരം ക്ഷൊണീന്ദ്രപുത്രീതനുദ
ൎശനത്താൽ ക്ഷീണിച്ചഭാവങ്ങൾനടിച്ചുരംഗെവാണീടിനാ
രംബുജബാണതാപാൽ . . . ൱൫
മത്തെഭസഞ്ചാരിണിവാണിദെവീ ചിത്തെരസൊൽക്ക
ൎഷമിയന്നുകാൎയ്യം ചിത്തെവിചാരിച്ചുകരെണവാദ്യം ചി
ത്തൊത്ഥമൊദെനതദാവിലക്കി . . ൱൬
മുമ്പിൽസരൊജാക്ഷിസരസ്വതീസാ വമ്പുള്ളസാകെതനൃ
പാന്തികത്തെ സമ്പ്രാപ്യദാന്താനുജയൊടുചൊന്നാനമ്പൊ
ടുസമ്പാദിതപൂൎണ്ണമൊദം . - . ൱൭
ദാന്താനുജെസുന്ദരികാണെടൊനീ പൂന്തെന്മൊഴീരാജകു
മാരമെനംസ്വാന്തെവിചാരിക്കമഹൽപ്രതാപൻ ശാന്തസ്വ
ഭാവൻപുനരിമ്മഹീശൻ . . . ൱൮
ഈരെഴുലൊകത്തിലിവൻെറകീൎത്ത്യാ നെരായവൻനാ
സ്തിധരിക്കബാലെതീരായിവനുള്ളഗുണങ്ങൾചൊന്നാൽപെ
രായതൊകെള്ളുവൎണ്ണനല്ലൊ . . ൱൯
കല്യാണശീലൻകമനീയദെഹൻ ഫുല്ലാംബുജാക്ഷൻശി
ശിരാംശുവക്ത്രൻ മല്ലാക്ഷിമാരൊടുരസിച്ചിരിപ്പാനില്ലാരു
മൊൎത്താലിവനൊടുതുല്യൻ . . ൱൰
ഇമ്മന്നവങ്കൽപ്രിയമെന്നിരിക്കിൽ ചെമ്മെമടിക്കാതെവ
രിച്ചുകൊൾനീ സമ്മാനനീയൻനിഖിലാഗമജ്ഞൊരിമ്മാ
നവെന്ദ്രൻദമയന്തിഭദ്രെ . . . ൱൰൧
എന്നിങ്ങിനെഭാരതിദെവിപാരംനന്ദിച്ചുവൎണ്ണിച്ചുപറഞ്ഞ
തിങ്കൽ കന്നൽമിഴിക്കിച്ഛവരാത്തഭാവം നന്നായറിഞ്ഞാശു
നടന്നുവാണീ ൱൰൨
വൈണൊളവുംകൊണ്ടുടനെഭടന്മാർ പൂന്തെന്മൊഴീടെവഴി

യെനടന്നാർ ഷാഢാനജാഭാരതിയൊടുകൂടി സ്വാന്താനുരാ
ഗെണനടന്നുമെല്ലെ . . . ൯൩

അന്യക്ഷിതീശാന്തികമാശ്രുഗതാ വന്ദെതരംവാണിപറ
ഞ്ഞുമെല്ലെകന്യാമണെകാൺമഗധക്ഷിതീശൻധന്യായമം
ഭൊഗഹചാരുനെത്രൻ . . ൯൪

തണ്ടാർശരൻതാണമിവന്റെരൂപംകണ്ടാലതിന്നില്ലൊരു
വൈചികിത്സ്യം തണ്ടാരിൽമാതിൻകണവങ്കലെററംപണ്ടെമ
ഹാഭക്തനിവൻസുശീലെ . . . ൯൫

ശത്രുക്കളെക്കൊന്നുമുടിച്ചവീരൻവൃത്രാസുരാരാതിസമപ്രതാ
പൻചിത്രംപറഞ്ഞാലൊരൊടുക്കമില്ല ധാത്രീശ്വരൻതന്മ
ഹിമാവിശെഷം" . . . ൯൬

ചാതുര്യമെറുംവചനങ്ങളെവംശാരദാദെവിവാണിപറഞ്ഞ
തിങ്കൽ ചെതൊരസംതീമസുതക്കൊന്നാഞ്ഞതെങ്കിലുംതൻ
നികടംവെടിഞ്ഞു . . . ൯൭

അന്നൊരമന്നവനുള്ളിലെററം വന്നൊരുതാപംപറവാൻ
പ്രയാസം ഇന്ദീവരംപൂമധുവുണ്ണുവാനായെച്ചന്നാശ്രുകിട്ടാഞ്ഞു
തപിച്ചപൊലെ . . . ൯൮

പാരിച്ചമൊദെനനടന്നമന്ദം ചാരുതാമെറുംമൊഴിമാളു
പിന്നെ സാരസ്യമെറുംദമയന്തിയൊടും ചാരുസ്യന്ദംവംഗനൃ
പംപ്രപെദെ . . . ൯൯

വംഗക്ഷിതീശന്റെഗുണങ്ങളെല്ലാം തിങ്ങുംമുദാഭൈമജയൊ
ടുപിന്നെ മങ്ങാതെചൊന്നുഫലമാൻമൊഷാ ഭംഗ്യാബുഭൊഷെ
മപനീയഭാവം . . . ൧൦൦

"രാജീവനെത്രെദമയന്തിപൊലെ രാജാവിവൻ രാജിതസ
ത്സ്വഭാവൻരാജീവബന്ധുപ്രതിമപ്രതാപൻ രാജീവബാണാ
ധികസൌകുമാര്യൻ. ൧൦൧

ഒന്നല്ലരണ്ടല്ലഗുണങ്ങളൊർത്താൽ മന്നിങ്കലിമ്മന്നവനൊ
ക്കൊനീന്നുവനാശ്രുനിറഞ്ഞകീർത്ത്യാനന്ദിച്ചിരിക്കു
ന്നമഹാസമർത്ഥൻ. ൧൦൨

പൊലെ നിണക്കിന്നുപനെവരിപ്പാൻചാലെമനസ്സെങ്കിൽ
വരിച്ചുകൊൾക നീ ലൊലായതാംഭൊജസമാനനെത്തെലൊലാ

ശയനനിങ്കലിവൻധരിക്ക. . . . ൱൰൩

ഏവംശ്രവിച്ചിട്ടവനെവരിപ്പാൻഭാവംമനസ്സിൽജനിയായ്കമൂലംഭാവക്ഷയംപൂണ്ടുനടന്നുഭൈമീഭാവിച്ചതല്ലാതതിലിച്ഛയുണ്ടൊ. ൱൰൪

അനന്തരമംഗഭോഗമഥയൊനിജായാസന്ദേഹമിനം പുനരെവമൂചെജഞ്ഞീവരത്താർമിഴികാണെടൊനീമന്ദേതരംഭൂമിപതിംകലിംഗം. ൱൰൫

വീരൻമഹാശൂരനിവൻമനൊജ്ഞധീരൻസമസ്താഗമസാരബൊധൻചെരുംനിനക്കിന്നൃപനെന്നതൊന്നുന്നാരും പഴിച്ചീടുകയില്ലബാലെ. ൱൰൬

പാരിച്ചയുദ്ധത്തിലരിപ്രയുക്താം ക്രൂരംശരംവന്നുതറച്ചനല്ലംവീരന്റെമാറിന്നടകക്കശത്വം പാരംഭവിച്ചെന്നതിചിത്രമെതൽ. ൱൰൭

രംഭോരുനിന്റെകുചകുംഭയുഗ്മം കുംഭീന്ദ്രകുംഭാധികകക്കശംഭോദംഭെതരംനീയിവനെവരിച്ചാ ലംഭോജബാണാനാധികംപ്രസാദം. ൱൰൮

ക്രൂരത്വമെറുംതവകൊങ്കകൾക്കിക്രൂരത്വമെറുംനൃപമാറിടാന്തെചെരുന്നനെരത്തുവരുന്നമൊദം തീരുന്നതൊചാരു സരൊജനെത്രെ. . . ൱൰൯

ശൃംഗാരിയാമിന്നൃപനെവരിച്ചാൽ തുംഗാനുരാഗംതവസംഭവിക്കുംശൃംഗാരപീയൂഷസമുദ്രമദ്ധ്യെമുങ്ങിപ്പുളച്ചാശുകളിച്ചുകൊള്ളാം. ൱൨൰

ഒട്ടല്ലശത്രുക്കളിവന്റെകയ്യാൽ പെട്ടന്നുയുദ്ധത്തിൽമരിച്ചതൊൎത്താൽപൊട്ടുംമനംതത്തരുണീജനങ്ങൾപെട്ടുള്ളപാടൊക്കിലഹൊവിചിത്രം. ൱൨൧

വീട്ടിൽവസിക്കുന്നവർകാട്ടിലായാർ കാട്ടിൽകരിങ്കല്ലുകിടക്കയായാൻ വിട്ടുംവെടിഞ്ഞാനകൾകാട്ടിവൃന്ദം കാട്ടാളരുംമിത്രജനങ്ങളായാർ . - . ൱൨൨

കന്ദങ്ങളന്നാരിജനത്തിനെല്ലാം മന്നങ്ങളായ്വന്നിതു വെണ്ണപൊളം എന്നിങ്ങിനെവന്നുഭവിച്ചതെല്ലാം മന്നൻകലിംഗന്റെപരാക്രമത്താൽ . . ൱൨൩

ഇന്ദീവരാക്ഷികരസംകലിംഗെവന്നീലയെന്നാശ്രുധരിച്ച
മന്ദംപിന്നൊമുദാഭാരതികാശില്പംതന്നെകുറിക്കൊണ്ടരുൾ
ചെയ്തിവണ്ണം . . . ൧൧൩

വാരാണസീഭൂപനിവൻ മനൊജ്ഞപാരാതെനീകാണ്കമ
ഹൽപ്രഭാവൻ ശൂരാരിവീരാന്തകനിസ്തപെന്ദ്രൻ മാരാരിപാ
ദാംബുജസക്തചിത്തൻ . . ൧൧൪

ദർവീകരെന്ദ്രാഭരണാൻവസിപ്പൊരുർവീതലംകാശി നൃപ
ന്റെരാജ്യം ഗർവെതരംനീയിവനെവരിക്കിൽ ഗുർവീഭവെൽ
കീൎത്തിനിനക്കനൂനം . . ൧൧൫

പൊയ്യല്ലമല്ലാംബികിശംഭുസെവക്കൊപ്രയാസ കുറ
വൊത്തുകാണ്ക കയ്യിൽവരുംമൊക്ഷവുമെന്നുവെണ്ടാമെയ്യിൽ
സുഖംപുഷ്കലമായ്ഭവിക്കും . . ൧൧൬

ഇത്ഥംപറഞ്ഞിട്ടൊരുകാണിപൊലും പൃത്ഥ്വീന്ദ്രപുത്രിക്കവ
നൊട്ടുചിത്തെമുത്തില്ലയെന്നാശുതദൈവവാണീ മതാനട
ന്നുളവളൊടുകൂടെ - . . ൧൧൭

അക്ഷൌണിപാലന്റെമുഖംകടന്നങ്ങക്ഷീണഭാവംമുഴുവ
ൻകുറഞ്ഞു അക്ഷൌണിപാലാത്മജയൊടുഭൂപ ന ക്ഷാന്തി
യുംവാച്ചിതുചിത്തപത്തെ . . ൧൧൮

വാട്ടംവിനാഭാരതിദെവിപിന്നെ കാട്ടീടിനാൻഹൈഹയ
ഭൂമിപാലം കെട്ടാലതിപ്രീതിവരുംവിധത്തിൽ കൊട്ടംവെ
ടിഞ്ഞെവമുരച്ചുപിന്നെ . . ൧൧൯

അഞ്ചാമ്പനെക്കാളതിസുന്ദരൊയം നെഞ്ചിൽധരിച്ചീടുക
ഭീമജെനീ കിഞ്ചിന്മിളൽപുഞ്ചിരിഭംഗികണ്ടാൽ നെഞ്ചിൽ
പ്രിയംമാനിനിമാക്കിടും . . ൧൨൦

ഇക്ഷൌണിപാലന്നെതിരില്ലൊരുത്തൻവിക്ഷീണകീൎത്തി
പ്രഭനക്ഷലൊലൻ അക്ഷിപ്രിയൻശിക്ഷിതവൈരിവൃന്ദൻ
പക്ഷിപ്രവീരദ്ധ്വജപാദഭക്തൻ . . ൧൨൧

പങ്കെജപത്രാക്ഷിയിവന്റെതാതൻ പങ്കെജപത്രായതലൊ
ലനെത്രൻ ലങ്കെശനെപണ്ടുപിടിച്ചുകെട്ടി ശങ്കാവിഹീനംക
രയിച്ചവീരൻ. . . . ൧൨൨

പങ്കെരുഹാവാസവരന്നിമിത്തം ശങ്കാവിഹീനംമദമാന്ന

വിരൻ ലങ്കെശനാംരാവണനെന്നുലൊകെ പങ്കെജതുല്യാം
ബകികെളിയില്ലെ . . ൧൨൭

ഇന്ദ്രാദിയാംനിജ്ജരവീരരെല്ലാം ചന്ദ്രാനനെരാവണ നെ
ന്നുകെട്ടാൽ അന്നെരമൊട്ടുംഭയമാന്നുപിന്നെനിന്നീടുവാനാ
വതുമല്ലനൂനം . . . ൧൨൮

എവംമഹാവിക്രമിരാവണന്റെ ഭാവംക്ഷയിപ്പിച്ചതു കാ
ൎത്തവീൎയ്യൻ അക്കാൎത്തവീൎയ്യാത്മജനിന്നുപെണ്ണെൻവെക്കം വ
രിച്ചീടിവനെവിശങ്കം . . ൧൨൯

തെല്ലുംപ്രിയംഹെഹയരാജനൊട്ടും കല്യാണഗാത്രിക്ക ന
ഹീതിമത്വാ മെല്ലെനടന്നംഗനരെന്ദ്രനെക്കണ്ടുല്ലാസ മൊ
ടിത്ഥമുവാചവാണീ . . . ൧൩൦

അംഗെശനെകാണിവനംഗനാനാം തുംഗാനുരാഗ പ്രദ
നിംഗിതജ്ഞൻ അംഗെജതുല്യൻദമയന്തിനിന്റെതുംഗ സ്ത
നാലിംഗനലൊലചിത്തൻ . . ൧൩൧

സംഗീതസാരസ്യഗുണങ്ങളൊൎത്താലംഗെശനൊ ടൊത്താ
പുമാൻചുരുക്കം ശൃംഗാരപാഥൊനിധിവൈരിവൃന്ദംഭംഗംവ
രുത്തീട്ടുവസിപ്പൊരുത്തൻ . . ൧൩൨

അംഗെശനെതന്നെവരിക്കെടൊനീ ഭംഗംവരാനിന്റെ
സുഖത്തിനെതും അംഗക്ഷിതീശന്റെഗുണങ്ങളൊൎത്തിട്ടിങ്ങെ
റബൊദ്ധ്യംദമയന്തികന്യ . . . ൧൩൩

അംഗെശനെകൌതുകമിത്ഥമെല്ലാം ഭംഗ്യാപറഞ്ഞിട്ടു വ
രാത്തമൂലം അങ്ങൊട്ടുമന്ദംനടകൊണ്ടുവാണീഭംഗ്യാവിളങ്ങു
ദമയന്തിയൊടും . . . ൧൩൪

ചൊല്ലുള്ളസാലക്ഷിതിപന്റെമുമ്പിൽതെല്ലുംമടിക്കാതെ
ഗമിച്ചുവാണീ മല്ലാക്ഷിയാംഭീമനരെന്ദ്രപുത്രീം മെല്ലെപറ
ഞ്ഞാളതിമൊദപൂൎവ്വം . . ൧൩൫

കണ്ടീടെടൊഭീമനരെന്ദ്രപുത്രിമിണ്ടാതിരിക്കുന്നിതു സാല
ഭൂപൻ തണ്ടാർശരൻവന്നുശരംപ്രയൊഗിച്ചിണ്ടൽപെരുത്തി
ന്നിവനെന്നുനൂനം . . . ൧൩൬

സാധുസ്വഭാവൻനിഖിലാഗമജ്ഞൻസാധുപ്രിയൻ സാ
ലനമൎത്ത്യതുല്യൻബൊധിക്കനീനല്ലവനിന്നരെന്ദ്രൻ സാ

ധിക്കനീസാലഭനൊടൊത്തുകാമം . . ൱൰൩

യുദ്ധത്തിലിപ്പാൎത്ഥിപനൊടുപാരം ക്രുദ്ധിച്ചടുത്തൊരരിവൃന്ദമെല്ലാംസിദ്ധിച്ചജീവക്ഷയമാശുമുമ്പിൽസിദ്ധിച്ചപിന്നെ സുരലൊകസൌഖ്യം ൱൰൪

ധരിക്കനീസാലഭനരെന്ദ്രനെറാം പെരുത്തകീൎത്ത്യാ ഭുവനപ്രസിദ്ധൻ വരിക്കനിസുന്ദരിശങ്കകൂടാതിരിക്കനീസാലഭനൊടൊത്തുനിത്യം" ൱൰൫

സരസ്വതീവാക്കകളിപ്രകാരം ചിരിച്ചുകെട്ടദ്ദമയന്തിമെല്ലെ തിരിച്ചുസാലഭംപ്രതിവെച്ചദൃഷ്ടിം മറിച്ചുസാലഭന്റെമനസ്സുമല്ലൊം ൱൰൬

ഇത്തരംകമലസംഭവജായാ സത്വരംവിവിധരാജഗുണങ്ങൾവിസ്തരിച്ചദമയന്തിയൊടെല്ലാമസ്സകൈതവമുരച്ചു നടന്നാൾ ൱൰൭

ഇന്ദീവരാക്ഷിക്കൊരുഭൂപനൊടും വന്നീലതിൽ കൌതുകമൊന്നുകൊണ്ടും പിന്നെമുദാവാണിനളന്റെമുമ്പിൽ ചെന്നീടിനാളദ്ദമയന്തിയൊടും . . . ൱൰൮

അതുകണ്ടുടനിന്ദ്രനഗ്നിപാശി മതിമാനാകിയകാലനും പതുക്കെ തെളിവൊടിതുകാലമെന്നുമത്വാനളഭൂപാകൃതി പൂണ്ടുനിന്നുരംഗെ . . . ൱൰൯

അതികപടധിയസ്സുരാസ്സുദാനീ മതികുതുകെനപരസ്പരം രസിച്ചു അതിദുരിതമിതെന്നുചിന്തചെയ്തും പതിവിനൊടത്രവസിച്ചുപൂൎണ്ണമൊദം . . . ൱൨൰

അതുപൊഴുതഥവാണിയുംദമന്റെഭഗിനിയുമവൊടുതൊഴിമാരുമെററംമതികുതുകമിയന്നുനിന്നുരംഗെ ചതിമതികണ്ടുജനങ്ങളുംഭ്രമിച്ചു . . . ൱൨൰൧

അന്നെരമമ്പൊടഥവാണിദെവീ മന്ദെതരംകന്യകയൊടുചൊന്നാൾ "കന്യാമണെസുന്ദരികാണെടൊനീവന്ദ്യാ നിമാൻഭൂമിപതിൻവിശങ്കം. . . ൱൨൰൨

ഇക്കണ്ടഭൂപാലകവീരരഞ്ച്യം ചൊൽക്കൊണ്ടശൌൎയ്യാദിഗുണങ്ങളെല്ലാൎക്കുംശരീരാദിഭിരഞ്ചുപെരുംവെക്കം വരിച്ചാലുമൊരുത്തനെനീ." . ൱൨൰൩

കവിമാതിതിദെവകൈതവത്തെ കവിൾകൊണ്ടാശ്രു പറ
ഞ്ഞവാക്യമെവം കവിയുംപരിതാപമാൎന്നുകെട്ടു ഗ്രവിജാക്ഷി
ദമയന്തിചൊല്ലിമെല്ലെ. . . ൱൮൭

„മമവല്ലഭനിന്ദുതുല്യവക്ത്രൻകമനീയാംഗനതീവ പുണ്യ
ശാലിനീഇവരെവരിലുണ്ടുപാൎത്തുകണ്ടാലവനെത്തെ നറിവാൻ
പ്രയാസമില്ലൊട്ടും . . . ൱൮൮

എന്നൊച്ചതിപ്പാനമരെശ്വരന്മാരിന്നീവിധംകൈതവ മാ
ചരിച്ചു എന്നാലവക്കെന്തിതിലൊന്നുസാദ്ധ്യം നന്നൊ വൃ
ഥാനാരികളെചതിച്ചാൽ . ൱൮൯

എല്ലാജനത്തിനുമനുഗ്രഹത്തെതെല്ലുംമടിക്കാതെ കൊടുപ്പ
തത്രെ കല്യാണശീലംകലരുംസുരന്മാൎക്കുല്ലാസമാൎന്നുള്ളൊരുക
ൎമ്മമൊൎത്താൽ . . . ൱൯൦

എന്തിങ്ങിനെതൊന്നിയതെന്റെ നെരെചിന്തിച്ചുകണ്ടാല
തിനില്ലബന്ധം എന്തെങ്കിലുംഞാൻപിഴചെയ്തിതൊതാൻചി
ന്തിക്കിലെൻജാതകദൊഷമത്രെ . . . ൱൯൧

നളനരപതിയെ മനസ്സുകൊണ്ടിങ്ങളവിയലാതൊരുമൊ
ദമാൎന്നഹൊഞാൻ തെളിവിനൊടമിതാശയാനുരാഗംകള
വിയലാതെവരിച്ചുപണ്ടുതന്നെ. . . ൱൯൨

ഒരുവനെമനസാവരിക്കിലുണ്ടൊ പരപുരുഷാശസതീജന
ത്തിനയ്യൊ ചരിതമിതമലംസതീജനാനാംദുരിതഹരംപര
മെന്നുകെളിയില്ലെ." . - . . ൱൯൩

എവം ദമന്റെഭഗിനീവചനങ്ങൾകെട്ടിട്ടീവണ്ണമവളൊടു
പറഞ്ഞിതുവാണി"ദെവീഭാവിക്കവെണ്ടവ്യസനംഹൃദിബാലി
കെ നീസെവിക്കവെണമിനിദെവജനത്തെവെഗാൽ" ൱൯൪

വാണീഗിരംകുതുകമൊടിതികെട്ടുപാരംക്ഷീണെതരംകമല
നെത്രമുഖീമപുത്രീ താണാശ്രുവന്ദനകഴിച്ചുഗുരുപ്രമൊദംനാ
ണാതെനിൎജ്ജരജനത്തെനുതിച്ചിതെവം . . ൱൯൫

„വന്ദെവലാന്തകപദംതവദീനബന്ധൊ വന്ദെപരന്തപ
പദന്തവകൃഷ്ണവൎത്മൻവന്ദെകൃതാന്തകൃപയാതുണ ചെയ്ക മാം
നീവന്ദെപരംനിരൃതിദെവപദാരവിന്ദം. . . ൱൯൬

വന്ദെപരംവരുണദെയസമീരവന്ദെവന്ദെധനാധിപ പൃ

രാന്തകദെവവന്ദെവന്ദെസരൊജഭവപങ്കജനെത്രവന്ദെ വ
ന്ദിക്കുമെന്നുഴൽകളഞ്ഞുതുണെക്കനിങ്ങൾ. . . ൧൫൨

മൽകാന്തനാംനളനരെന്ദ്രനെയിന്നുമൊദാ ലുൾക്കാമ്പിഴി
ഞ്ഞുവലശാസനകാട്ടിവെഗാൽ ഉൾക്കാമ്പിലുള്ളപരിതാപമ
കററിയെന്നിൽ ചൊൽക്കൊണ്ടനിങ്ങൾവരമെകുക പൂർണ്ണമൊ
ദം. ൧൫൩

ഇന്നംപറഞ്ഞമൊഴികെട്ടനളക്ഷിതീശം മുന്നെവരിച്ചമ
നസാകുതുകെനഞാനം സന്നംനമുക്കുപരപൂരുഷ തല്പരതാ
മിന്നുള്ളതല്ലിതുപതിവ്രതമാക്കപൊത്താൽ." . ൧൫൪

ഇത്ഥംദമസ്വസൃനതിംപരിചൊടുകെട്ടു പൃഥ്വീധരാറി ഏ
ദിതുഷ്ടികലന്നപാരം പൃഥ്വീന്ദ്രപുത്രിയുടെവാഞ്ഛിതപൂരണാ
ൎത്ഥം പൃഥ്വീദ്ധ്രവൈരിതരസൈവസമുദ്യതൊഭൂൽ. ൧൫൫

അനലൻവരുണൻപരെതരാട്ടും കനിവാൎന്നാശു പരസ്പ
രംതദാനീം മനതാരിലിയന്നകൌതുകത്താലനുമൊദിച്ചഥ
നൊക്കിനാർപതുക്കെ . . . ൧൫൬

ആരുതിങ്ങുനമുക്കുപൊത്തുകണ്ടാൽപരിചൊടിക്കപട പ്രവൃ
ത്തികഷ്ടം നരവീരമണിംനളക്ഷിതീശം തരസാകാട്ടണമെ
ന്നുറച്ചുചിത്തെ . . . ൧൫൭

പരിചൊടഥദെവചിഹ്നമെല്ലാംതരസാകണ്ടുഗൃഹി പ്രതി
നുപാരം പരിതൊഷമിയന്നനുഗ്രഹിച്ചാരുരുകാരുണ്യ മിയ
ന്നനിൎജ്ജരന്മാർ . . . ൧൫൮

അന്നെരംദെവവൃന്ദാം ഭുവികളവനിതലെനിന്ന വെവിട്ടു
കാണായെന്നല്ലാനിന്നിമെഷാദികൾപലതുമവൎക്കുള്ള ചിഹ്ന
ങ്ങൾകണ്ടാൾ ഉന്നിദ്രാസ്യാംബുജന്താംനളമനുജവരം കണ്ടിത
ല്ലൊൾകൃശാംഗീമന്ദംമന്ദംനടന്ന നളഗളഭുവിസാമാലയി
ട്ടാൾവിശങ്കം . . . ൧൫൯

അന്യക്ഷൊണീശരാണാംമനസിദ്രഢതരംവന്നദുഃഖങ്ങ
ൾചൊൽവാനെന്നാലാമല്ലപാൎത്താലഖിലനരവരന്മാർതള
ൎന്നാശുവീണാർ മിന്നുംപൊന്നിൻകിരീടാദിഭിരപനിവരൻ
നൈഷധൻതത്രരംഗെമിന്നിപ്പാരംവിളങ്ങി ദ്ദമസഹജയൊ
ടുംകൂടിനിന്നാൻസമൊദം. . . . ൧൬൦

പൃത്ഥ്വീശന്മാൎക്കുചിത്തെചെറുതുപരിഭവം ജാതമായ്വന്നിതപ്പൊൾ പൃത്ഥ്വീശൻനൈഷധന്റെമഹിതതര പരാക്രാന്തിചിന്തിച്ചടങ്ങിപൃത്ഥ്വീശൻ ഭീമനെറ്റംമനമലർ വികസിച്ചാനനാബ്ജംവിളങ്ങിപൃത്ഥ്വീചന്ദ്രേണരെജെ നളനരപതിനാ ഭീമഭൂപാലകന്യാ ൱൧

നളനൃപതികരംപിടിച്ചമൊദാൽ തെളിവൊടുനിജ്ജരനാഥനന്തദാനീംകളതരമവനൊടുവാച്മെവംമിളിതകുതൂഹലമുചിവാൻപതുക്കെ ൱൨

"ഭൂമിപാലതിലകശ്ശൃണുസാധൊ ഭൂമിയിൽതവയശസ്സുനിനച്ചാൽഭീമനന്ദിനിനിനക്കനുരൂപാഭിമവിക്രമനിധെകളിയല്ല ൱൩

മാനിനീമണിയൊടൊത്തുസുഖിക്കമാനവെന്ദ്ര ചിരകാലമെടൊനീ മാനസെമമവളന്നിതുമൊദം മാനുഷൊത്തമനരെന്ദ്രഗുണാബ്ധെ ൱൪

നിന്നുടെയജനകൎമ്മണിഞാൻതാൻ വന്നുകൊള്ളുമതിനില്ലൊരുവാദം എന്നുവെണ്ടഗതിയുംവരുമൊക്ക സുന്ദരാംഗസുഖമസ്തുസദാതെ" ൱൫

അന്നെരമവൊടഹവ്യവാഹനൻദെവൻമനന്ദതരം മന്നവനൊടുചൊന്നാൻ "തന്നീടുവൻഞാൻമമപുണ്യലൊകംവന്നീടവൻനീനിരുപിച്ചദിക്കിൽ" . . . ൱൬

അന്തകൻബതപറഞ്ഞുതദാനീം "രന്ധനപ്രഥിതനായിവരുംനീ അന്ധസൊപിസുധയൊടുസമാനംബന്ധുരാംഗ രസവുംവരുമൊക്ക ൱൭

ധൎമ്മവുംനൃപനിനക്കൊരുനാളും നിൎമ്മലപ്രിയനശിക്കയുമില്ലശൎമ്മമസ്തുസുചിരംതവസാധൊ ദുൎമ്മതീതരമനൊഹരമൂൎത്തെ" ൱൮

"വെണ്ടുന്നദിക്കിങ്കൽനിനച്ചുകൊണ്ടാൽവെണ്ടുന്ന വെള്ളംതരുമാശുഞാനും മന്ദാരമാല്യംതരുവൻവിശെഷിച്ചെ"ന്നാശുചൊന്നാൻവരുണൻമഹാത്മാ . . . ൱൯

ഇന്ദ്രാദികൾനാലരുമിപ്രകാരം ചന്ദ്രാനനൻനൈഷധനൊടുചൊല്ലിമന്ദെതരംതുഷ്ടികലൎന്നുപൊയാ രന്നെരമനൈ

ഷധനംതെളിഞ്ഞു . . . . . ൱൰

തന്വംഗിയാംഭൈമിയെനൊക്കിനൊക്കി പിന്നെനളൻ പൂൎണ്ണമുദാവസിച്ചാൻ കന്യാമണിഭൈമിയുമാത്മകാന്തം നന്നാഷ്ഠിലൊക്യാശുതെളിഞ്ഞുനിന്നാൾ. . . ൱൰൧

അന്നൊരമംഭൊരുഹജാതപത്നീ കന്യാവിനുംകാന്തനു മത്യുദാരം മന്ദെതരംനല്ലവരങ്ങൾനൽകിപിന്നെമറഞ്ഞാളുതിമൊദമൊടും ൱൰൨

മററുള്ളഭൂപൎക്കഥഭീമഭൂപൻതെററന്നുയൊഗ്യത്തിനുതക്കവണ്ണം തെററാതെകന്യാധനദാനവും ചെയ്തുററൊരുമൊദെനപറഞ്ഞയച്ചാൻ ൱൰൩

മകൾക്കുപാണിഗ്രഹണൊത്സവത്തിന്നകക്കുരുന്നിൽ കരുതീട്ടുഭീമൻ വരുത്തിനാനന്തണരെതദാനീംനിരത്തിനാനൎക്കടമൊദപൂവം ൱൰൪

എടുത്തുഭീമൻധനരത്നജാലം കൊടുത്തുഭൂദെവജനത്തിനെല്ലാം എടുത്തുകെട്ടിദ്ധരണീസുരന്മാർ നടിച്ചുതൊഷിച്ചരസിച്ചപാരം ൱൰൫

വിധിപ്രകാരംനളഭൂമിപാലൻ വിധിച്ചകാലത്തഥഭൈമിതന്റെ കരംപിടിച്ചാനതുലപ്രതാപൻ പരംപ്രസാദിച്ചിതുഭീമഭൂപൻ. . . . . - ൱൰൬

പത്രിവിവാഹമഴകൊടുകഴിഞ്ഞശെഷം പത്രീന്ദ്രവാഹനപദാംബുജമൊത്തുഭീമൻ തത്രെവവന്നുമരുവുന്നജനത്തിനെല്ലാമത്രാന്തരെസരസഭൊജനവുംകൊടുത്താൻ - ൱൰൭

ദമയന്തിയൊടൊത്തുനൈഷധൻ ഗമനത്തിന്നുതുനിഞ്ഞുകൌതുകെന ദമനൻദമനാശുഭീമസംഗമനാൎത്ഥം ബതദാന്തനന്തുനിഞ്ഞാൻ ൱൰൮

കരിതുരഗരഥാദിസംഘമൊടും കുടതഴചാമരമൊടുമത്യുദാരംപരിചിനൊടഥയാത്രയുംതുടങ്ങി കൂട്ടതറസൈനികനാദപൂൎണ്ണലൊകം ൱൰൯

വീരസെനതനയൻനളഭൂപൻചാരുതാനിലയനൻമഘനീയൻഭൂരിഭൂഷണലസത്തനുവീരൻവാരണൊപരികരെറിനടന്നാൻ ൱൨൰

പല്ലക്കിലെറിട്ടുദമയന്തിതാനും മെല്ലെസഖീവൃന്ദ സമെത മെററം ഉല്ലാസമാൎന്ന ളനൊടുകൂടികല്യാണഘൊഷെണ ഗമിച്ചിതപ്പൊൾ ൩൬൭

നിഷധപുരിയിലപ്പൊൾപൌരവൃന്ദങ്ങളെല്ലാം നിഷധ നൃപതിതന്നെകാണ്മതിന്നാശയൊടെ വിഷമരസസമെ തം വന്നിതാബാലവൃദ്ധംമൃഷിതഹൃദയതാപം ഭൂഷിതാലംകൃതാംഗം ൩൬൮

അങ്കണങ്ങളിലതീവമനൊജ്ഞംകുങ്കമച്ചാളികടഞ്ഞു തളിച്ചു അങ്കുരിച്ചുവളരുംകുതുകത്താൽ കുങ്കുമപ്പൊടികൾവാരിയെറിഞ്ഞു ൩൬൯

മുത്തുകൊണ്ടുമതിലൊക്കനിരത്തിപത്തനങ്ങളിൽ വിളക്കുനിരത്തി അത്തൽവിട്ടുപടഹങ്ങളടിച്ചുമുത്തുകൊണ്ടുമുഴുകി ജ്ജനമെല്ലാം ൩൭൦

ഭെരിതപ്പുതകിലെന്നിവകൊണ്ടുംഭൂരിഘൊഷ മഴകൊടുവരുത്തി ചാരുവാരണഗണത്തെനിരത്തി ചാരുഭൂഷണവിഭൂഷിതഫാലം ൩൭൧

ഇത്തരംപലപദാൎത്ഥമൊരുക്കിപത്തനത്തിലഥപൌരസമൂഹംഒത്തുകൂടിയെതിരെല്പതിനെററംചിത്തമൊദമൊടു യാത്രതുടങ്ങി. ൩൭൨

വീരസെനസുതനാംനളനെതൻ ചാരുവാണി ദമയന്തിയൊടൊപ്പംപൌരവൃന്ദമെതിരെററുപുരത്തിൽപൂരിതപ്രിയമഗാദതിഘൊഷം ൩൭൩

നാരിമാർദമനസൊദരിതൻെറചാരുരൂപമവലൊക്യ സമൊദം പാരമത്ഭുതമിയന്നഥതമ്മിൽ ചാരുവാക്കുകൾ പറഞ്ഞുതുടങ്ങി . . . ൩൭൪

ലക്ഷ്മിയൊയിവൾതിലൊത്തമയൊയിപ്പക്ഷ്മളാക്ഷി ശചിയൊസഖിചൊൽനീ അക്ഷികൾക്കുകുതുകംവളരുന്നു പക്ഷമല്പപറയുന്നതെടൊഞാൻ. . . ൩൭൫

കെട്ടകെളിപൊളിയല്ലനിനച്ചാൽകെട്ടതിൽഗുണമിവൾക്കധികംകെൾ വാട്ടമില്ലിവൾനളന്നനുരൂപാകെട്ടുകൊൾക സഖിനീമമവാക്യം - . . . ൩൭൬

അല്പമല്പസുകൃതംനളനൊത്താലുല്പലാക്ഷിയെലഭിച്ചതുക ണ്ടാൽ ഉല്പലാക്ഷിയുടെപുണ്യവുമൊത്താലല്പമല്പനളലബ്ധി നിമിത്തം" . . . ൧൬൧

ഇങ്ങിനെപലതരംകൗതുകംപൂ ണ്ടംഗനാജനമൗലിച്ചൊരു മ ദ്ധ്യസുന്ദരീമണിയൊടൊത്തുനളൻതന്മന്ദിരത്തിലെഴുന്നെ ള്ളിമനൊജ്ഞൻ . . . ൧൬൨

ബന്ധുക്കളാംഭീമദമാദിയൊടും ബന്ധുപ്രിയൻ നൈഷ ധനത്യുദാരൻ ബന്ധൂകതുല്യാധരി തന്നിലെറ്റംബന്ധിച്ച ചിത്തെനവസിച്ചധീമാൻ . . . ൧൬൩

ഭീമഭൂമിപതിവീരനുദാരൻഭീമസൈന്യതനയാദികളൊ ടും ശെമുഷീതെളിവിയന്നഥവെഗാൽത്തുമയാന്നനിജദിക്കി നപൊയാൻ . . . ൧൬൪

കുണ്ഡിനാധിപതിചാരുശരീരൻകുണ്ഡിനാഖ്യപുരമെത്യ മഹാത്മാ പണ്ഡിതൻബത വസിച്ചിതുഭീമൻ കുണ്ഡലീശശ യനപ്രിയഭക്തൻ . . . ൧൬൫

നാളീകാക്ഷിദമസ്വസാരമധികംലാളിച്ചുകൊണ്ടന്വഹം നാളീകാശ്രുഗകെളിപൂണ്ടഥനളൻ നാളീകബാണൊപമൻ കാളീകാമുകവിക്രമൻനിജപുരെവാണീടിനാൻതൽപ്രജാ പാ ളീരക്ഷണലൊലുപെനമനസാനാളീകമിത്രപ്രഭൻ ൧൬൬

ഇതി നളചരിതമണിപ്രവാളെ സപ്തമസ്സൎഗ്ഗഃ

കല്യാണശീലനമലൻനളഭൂമിപാലൻമല്ലാക്ഷിയായ ദ മയന്തിയൊടൊത്തുഗെഹെസല്ലാപചുംബനരസാദികളാ ചരിച്ചങ്ങുല്ലാസമാന്നുസതതംമരുവുംദശായാം . ൧

പാകാരിഖണ്ഡിവരുണാഗ്നികൾനാലുപെരുംനാകെഗമിക്കു മളവുൽകടഘൊഷമൊടെ ആകാശസീമ്നിബതകണ്ടിതുരണ്ടു നാലാളാകാത്തഭാവമവലംബ്യവരുന്നതപ്പൊൾ - ൨

വല്ലാത്തകാമനതികശ്മലനായക്രൊധൻ വല്ലായ്മചെയ്യു തിനുവമ്പിയലുന്നലൊഭൻ എല്ലാജനത്തിനുമനൎത്ഥദനായ മൊഹൻ പുല്ലൊളമില്ലവനുപെടിയൊരുത്തനെയും ൩

അന്നാലുപെരൊടിടചെന്നുമഹാസമത്ഥൻ വന്നാനുട
ൻതദനുദ്വാപരനെന്നവീരൻ പിന്നാലെദുഷ്ടമതിയാംകലി
യെന്നചൊരൻനന്നായഹങ്കൃതികലൎന്നഥവന്നിതപ്പൊ൦ ൭

അന്നെരമമ്പൊടുശചീരമണൻപതുക്കെ ച്ചെന്നാശ്രുനിന്നു
ബതതന്നികടെവിശങ്കം മന്ദെതരംകലിചിരിച്ചുപറഞ്ഞിത
പ്പൊ൦ വന്ദെവലാന്തകവിഭൊകമനീയമൂൎത്തെ . ൮

ചങ്ങാതിമാരൊട്ടുകലന്നു ഭവാനിദാനീ മെങ്ങൊട്ടുപൊയി
ഹവരുന്നതുപവ്താരെ മങ്ങാതഭാവമിടചെന്നുവരുന്നതൊ
ത്താൽതിങ്ങീട്ടുമു൦കൌതുകമൊന്നുലഭിച്ചിതൊചൊൽ ൯

വൃത്താരിതാനുമരു൦ചെയ്തിതുജാതഹാസം തത്രാന്തരെക
ലിയുഗത്തിനൊടത്യുദാരം യത്രാധികംകുതുകമാണ്ടുഭവാൻഗ
മിപ്പാനത്രാന്തരെബതതുനിഞ്ഞതുനീകലെചൊൽ . ൰

അപ്പൊ൦പറഞ്ഞുകലിവാസവകെ൦ക്കനീഞാനിപ്പൊ൦
ഗമിപ്പതിനുകാരണമല്പമാത്രം കെല്പാൎന്നഭീമവസുധാധിപ
നണ്ടുപൊലും ചൊൽപൊങ്ങുമംഗന്ദ്രണമുള്ളൊരുപുത്രിയിപ്പൊ
൦ . . . . ൰൧

അംഭൊജനെത്രയുടെപെർദമയന്തിയെന്നും കുംഭീന്ദ്രഗാമി
നിയൊടൊത്തവളില്ലയെന്നും ദംഭൊളിഹസ്തപറയുന്നുജന
ങ്ങളെല്ലാമംഭൊജബാണവശനായതുകെട്ടുഞാനും . ൰൨

കൊണ്ടിങ്ങുപൊരുണമെനിക്കവളെവിശങ്കം മണ്ടുന്നുഞാ
നതിനുവെണ്ടിവലാസുരാരെ തൊണ്ടിപ്പഴാധരിനിമിത്തമെ
നിക്കുപാരംതണ്ടാർശരാത്തിപിടിപെട്ടിതുചിത്തരംഗെ ൰൩

നാലാംയുഗത്തിനുടെവാക്കുക൦കെട്ടുമൂലം ചാലെപുരന്ദ
രമുഖാമൃതഭക്ഷകന്മാർ നാലാളുമമ്പൊടുചിരിച്ചുതുടങ്ങിപാ
രംകാലൊചിതംവചനമിന്ദ്രനുപാചമന്ദം . . ൰൪

ഒന്നിച്ചുകൂടിയജനത്തൊടുകൂടിവെഗം ചെന്നിങ്ങുപൊരിക
കലെദമയന്തിയൊടും ചെന്നങ്ങുകൂട്ടമളവട്ടമയന്തിനിന്നൊ
ടൊന്നിച്ചുപൊരുമതിനില്ലവിവാദമെതും . . ൰൫

വീരൻനളൻമഹിതവിക്രമിചാരുരൂപൻ ധീരൻവിദൎഭ്ഭജ
യെവെട്ടുസ്വയംബരത്തിൽ നെരെന്നുതെറുകഭവാനിനിയെ
ന്തിനിപ്പൊ൦പാരംഭ്രമിച്ചുഗമനായ്ത്മൊരുമ്പെടുന്നു ൰൬

ജംബാളജാക്ഷിദമയന്തിനളക്ഷിതീശംചെമ്മെവരിച്ചതു
ചിതംഘടനാവിശെഷം ജംബാളജാസ്തഗരിപുംശിഖരീന്ദ്ര
കന്യാസമ്മൊദമാൎന്നഥവരിച്ചതുപൊലെനൂനം . ൬൮

മന്നിങ്കലില്ലനളഭൂപനുതുല്യനായി ട്ടിന്നുള്ളമന്നരിലൊ
രുത്തനുമെന്നുനൂനം എന്നല്ലവിണ്ണിലുമവന്നുസമന്നുമാനി
ല്ലെന്നുണ്ടതൊന്നലതിനില്ലവിവാദമൊരൊൎത്താൽ . ൬൯

പങ്കെരുഹാക്ഷിദമയന്തിയിലുള്ളമൊഹാൽ ശങ്കാവിഹീന
മിഹഞങ്ങളുമങ്ങുചെന്നെൻ പങ്കെജനെൎമ്മിഴിവരിച്ചുനള
ക്ഷിതീശംപങ്കെരുഹാസ്ത്രസദൃശമ്മഹനീയഭാവം . ൬൰

ഉൽഫുല്ലപത്മമിഴിയാംദമയന്തിയൊടും കെല്പെറുമന്നള
മഹീതലപാലനൊടും ഉൾപ്പൂവിലല്പവുമൊരപ്രിയമില്ലഞ
ങ്ങൾക്കല്പെതരംഗുണമവൎക്കുളവായമൂലം . . ൬൧

ധൎമ്മംവിടാത്തസുജനത്തിനൊടപ്രിയത്വം മൎമ്മപ്രഘാത
കരദുഷ്കൃതബീജമല്ലൊ കൎമ്മങ്ങളൊക്കവിഫലംസുജനാപകാര
കൎമ്മത്തിലാചരകലരുന്നജനത്തിനെല്ലാം" . . ൬൨

ഏവംപുരന്ദരവചസ്സുകൾകെട്ടനെരം ഭാവംപകൎന്നകലി
കൾചുകന്നനെത്രം ദെവമ്മഹീഭൃദ്രിപുമാത്തരുഷാപറഞ്ഞാ
നെവംമഹാഹിസദൃശൻകലിജാതവൈരം . ൬൩

"ഭോഷത്വമെന്തിനധികംപറയുന്നൊടൊന്നീരൊഷംനമുക്കു
വളരുന്നിതുകെൾക്കമൂലം യൊഷാമണീനളനുനൽകിയമൂ
ഢനല്ലൊഭൊഷാകരാനനപുരന്ദരനീകൂബ്ധ്യമ്മൊ . ൨൦

വീരൻനളൻമഹിതവിക്രമിയെന്നുചൊല്വാൻപാരംനി
ണക്കുഹൃദിതൊന്നിയതുംവിചിത്രം ആരെങ്കിലുംതൊഴുതുനി
ന്നുനുതിച്ചുചൊന്നാൽ പാരംപ്രിയൻബതനിണക്കവനങ്ങുൎ
കൊനെ ൨൧

ഏണാക്ഷിമാരിലൊരുവാഞ്ഛനിണക്കുവന്നാൽ കാണാ
തെചെന്നുപുണരാനറിയാമെടൊതെ വെണ്ണുന്നളിക്കില്ലചി
തത്തിനുപൊരെടൊനീ നാണംനിണക്കബതനാസ്തിപുരെ
വഞ്ചിഷ്ണൊ ൨൨

ദാന്തസ്വസാനളഗളെമഹനീയമാലാം സ്വാന്തെന്ദുകൂത്തുഹ
ലമിയന്നുവിടുന്നനെരംശാന്താത്മനാമടിയൊടങ്ങു വസിച്ച

ഓൎത്താൽഭ്രാന്തൻമഹാജളനെപ്പൊലെതന്നീധരാരെ. ൨൩
ഒന്നിച്ചുപൊന്നയമവഹനിജലെശ്വരന്മാരൊന്നിനുമാകജ
ളബുദ്ധികളെന്നുനൂനം നിനക്കൊരാസ്പദമിദമ്മരിതംനിന
ച്ചാൽനന്ദിക്കയില്ലിതിലൊരുത്തരുമൊൎത്തുകണ്ടാൽ . ൨൪
ഞാനിനുചെന്നുനളഭൂപതിയെജയിച്ച മാനന്നടിച്ചുദമ
സൊദരിയെഗ്രഹിപ്പൻമാനംകുറഞ്ഞൊരുപുരന്ദരനല്ലെടൊ
ഞാൻനൂനംമിടുക്കിനുനമുക്കൊരുഹാനിയില്ല. . . ൨൫
ദുഷ്ടൻനളക്ഷിതിപതീടെധനങ്ങളെല്ലാംനഷ്ടംവരുത്തുവ
നഹംമടിയില്ലതെല്ലുംഅഷ്ടിക്കുപൊലുമവനി കല്പിനൽകയി
ല്ലാനഷ്ടികാലമവനിന്നിതുശങ്കയില്ലാ. . . ൨൬
അമ്മാനഷാധമനഭീമജയൊടുകൂടിചെമ്മെരമിപ്പതിനി
നിപ്പുണിയെന്നുനൂനംഅമ്മാനിനീ മണിയൊടൊത്തുരമി
ച്ചുകൊൾവൻ സമ്മൊദമാൎന്നുബതഞാൻ കലിയെങ്കിൽനൂ
നം. ൨൭
എന്നൊടുകൂടിവരുവിൻദമയന്തിയിങ്കൽസന്നന്നചെൽകു
തുകമിന്നുമൊടിന്നുനിങ്ങൾ മന്നൻ നളൻജളനവങ്കലൊരാ
സ്ഥവെണ്ടാകന്യാമണീകുചയുഗെബതചെരണംനാം. ൨൮
അഞ്ചാറുദിവസജനസംഗമമുള്ളനാരീതഞ്ചാതെഭൂമിയിലുളാ
മ്മകാലമായാൽഅഞ്ചാതെനിങ്ങളുമുടസ്വരുവിൻനമുക്കുപ്പ
ഞ്ചാരവാണിയൊടുകൂടിരമിച്ചുകൊള്ളാം." . . ൨൯
കൊപംമുഴുത്തകലിവാക്കുകൾകെൾക്കമൂലം താപംമുഴുത്തു
ഹൃദിവാസവനെവമൂചെഭൂപൻനളൻവിമലമാനസനെ ഞ്ഞു
മൂലംകൊപംഭവാനവനൊടിങ്ങിനെദുഷ്ടബുദ്ധെ. . ൩൦
വെണ്ടാതനങ്ങൾതുടരെണ്ടകലെജളാത്മൻവെണ്ടാനളക്ഷി
തിപനൊടുവിരൊധഭാവം നീണ്ടൊരുനിൻപദവിയൊക്കന
ശിച്ചുപൊകുംവെണ്ടാതനത്തിനുഫലംദുരിതംകരൊര .൩൧
ദുഷ്ടപ്രവൃത്തിതുടരുന്നജനത്തിനെല്ലാംകഷ്ടംഭവിക്കുമൊരു
സംശയമില്ലതെല്ലുംനഷ്ടംവരുംനിജയശസ്സിനുവെണ്ടുവൊളം
ദ്വേഷംഫലക്കുമിതുദുഷ്ടമതെനിനക്കു. . . ൩൨
എന്തൊന്നുചെയ്കിലുമിനിദമയന്തിതന്റെ പന്തൊത്തകൊ
ങ്കകൾനിണക്കുലഭിക്കയില്ല ചിന്തിക്കനീദമകനീയസിസാ

ഝടിയത്രെ ചെന്താമരാക്ഷ തുണയുണ്ടു സത്യജനാനാം ൩൩
സാധിക്കയില്ല ദമസൊദരിയെ ദുരാത്മൻ ബൊധിക്കനീക
ലിതകൊപകലെമദുക്തം ബാധിക്കവെണ്ട നളനെ പഴുതെനി
ണക്കാം ബാധിക്കിലാപദനിശംകളിയല്ലിതൊന്നും ൩൪
ഞങ്ങൾക്കവങ്കലധികം പ്രിയമിങ്ങുദിച്ചു തുംഗൻ നളക്ഷിതി
പപുണ്യമതീവതുംഗംതുംഗം ദമസ്വസൃപ്പൃഷാനുഭവാലയം കെ
ളെങ്ങും നളക്ഷിതിപതുല്യനൊരുത്തനില്ല . ൩൫
ചെല്ലൊന്ന കൊങ്കയുടയൊരു ദമസ്വസാവിന്നപ്പുണ്യവാ
നൊട്ടരമില്ലതിനുള്ളയൊഗം ഉല്പന്നമായതു നിനക്കിലവൾ
ക്കുമുണ്ടങ്ങളെല്ലതരം സുകൃതമെന്നതു നിർണ്ണയിക്കാം ൩൬
പുണ്യം നളക്ഷിതിപദാന്തകനീയസീയം ഗണ്യം നശെഷ
ഫണിനാപി നിനച്ചു കണ്ടാൽ കണ്ണിന്നതീവ സുകൃതം നളദൈ
മിമാരെ ദണ്ഡം വെടിഞ്ഞു നിജ കാണുകിലില്ലവാദം ൩൭
ദംഭൊളിപാണി വചനങ്ങളിവണ്ണമെല്ലാം ധംഭെദമക്ക
ലിഖലൻ ബത കെട്ടപാരം സംഭ്രതരൊഷകലുഷാശയമാശു മൂ
ഢൻ ജംഭാരിയൊടവെരത്തു നടന്നു മുൻക്കാൽ . ൩൮
ദുഷ്ടപ്രഭുക്കളൊടു നല്ലതു ചൊല്ലിയാലും ദുഷ്ടപ്രവൃത്തിയവ
ർവിട്ടു നടക്കയില്ല അഷ്ടിക്കു നല്ലമൃതു നൽകിലുമാശു നായ്ക്കൾ
ക്കഷ്ടിക്കമെദ്ധ്യമധികം പ്രിയമെന്നപൊലെ ൩൯
ജംഭാന്തകാദികൾ നിജാലയമെത്യ വാണാരംഭൊജനെത്ര
പദപങ്കജഭക്തിയൊടും രംഭാദി ദെവതരുണീജനരത്നവൃന്ദ
രംഭൊജസായകരസങ്ങളുമാചരിച്ചാർ . ൪൦
പ്രാലെയഭാനുമുഖിയാം ദമയന്തിമൂലം നാലാം യുഗം കലുഷി
താശയനാശു തുക്കെഭ്രലൊകയാത്ര തുടരുന്ന ദശാന്തരാളെ ചാ
ലെ പറഞ്ഞു ബത ദ്വാപരനൊടിവണ്ണം . . ൪൧
കെട്ടാലുമെന്മനമിദം മടിയാതെ സാധൊ നാട്ടാക്കുതുഷ്ടിക
രനാം നളഭൂപനെന്നാം വീട്ടാളിയാക്കി ബത വെക്കരുതിദ്ദശാ
യാം കൂട്ടെണമാശു ചതിചെയ്വൊരു ചൂതിദാനീം . ൪൨
മർത്യപ്പുഴുക്കളിലൊരുത്തനവൻ നിനച്ചാൽ കർത്തവ്യമി
ല്ലൊരു വിധത്തിലുമൊന്നുകൊണ്ടും. മർത്യന്നു വെണ്ടി മഘവാ
വുരചെയ്യുതൊർത്താൽ മർത്തവ്യവെലയിലുമെററമിനിക്കള

ഖം ൪൩
കത്തുന്നകൊപമയവഹ്നിമദീയചിത്തെ ചത്താലുമിന്നതു
നമുക്കശമിക്കയില്ല ചിത്തെനിനച്ചതുലഭിക്കണ മെതുചെ
യ്യും തന്നൊമനസ്സിലുമുദിക്കണമിപ്രകാരം - ൪൪
കൂടാക്ഷലീലതുടരും സമയെഭവാനക്കൂടാക്ഷസാധന ഗ
ണത്തിലിരിക്കവെണം കൂടാജയിപ്പതിനുനൈഷധ നൊന്നു
കൊണ്ടും കാടെയവനുഗതിപിന്നെ നിനച്ചുകണ്ടാൽ" ൪൫
എവംഖലൻകലിപറഞ്ഞുനടന്നുവെഗം ഭാവംപകൎന്നുധര
ണീതലമാപ്പിവെശ ദെവപ്രതാപമിയലും നളഭൂപരാജ്യ
പൂവാനതിവവിഷമിച്ചുവലഞ്ഞുദുഷ്ടൻ . ൪൬
സൽകൎമ്മദാനജപമുള്ളനളന്റെരാജ്യദുഷ്കൎമ്മിയായകലി
യെങ്ങിനെചെന്നുകൊള്ളും സൽകൎമ്മികൾ കപകൃതിപ്രദനാമ
വൻചെന്നൊക്കങ്ങൾനൊക്കിമരുവിന്നപ്പുനരപ്രദെശെ . ൪൭
ആമ്പൊട്ടുചെന്നുകലിനല്ലൊരുദിക്കിലപ്പൊൾ മുമ്പൊകട
പ്പതിനൊരുങ്ങിയിരുന്നനെരം വമ്പൊടുമാരണജനശ്രുതിശ
ബ്ദഘൊഷാൽകമ്പംമുഴുത്തുജളനിൎഗ്ഗമടങ്ങിനിന്നാൻ ൪൮
അന്യപ്രദെശമുപഗമ്യകടപ്പതിന്നുധന്യെതരൻകലിനി
നച്ചുവസിച്ചനെരംമുന്നിൽക്രതുപ്പുകകൾകണ്ടവനൊടിവെഗാ
ലന്യപ്രദെശഗമനംബതചെയ്തുമൂഢൻ . ൪൯
നാരായണസ്തുതികൾകെട്ടവിടുന്നുവെഗാൽ ക്രൂരാശയൻ
ചെവിയടച്ചുനടന്നുരൊഷാൽപാരാതെമറ്റൊരു ദിശം പ്ര
തിചെന്നനെരംനാരായണാച്ചനകൾകണ്ടുമടങ്ങിദുഷ്ടൻ ൫൦
എവംനടന്നുനളരാജ്യമശെഷമപ്പൊൾ ഭാവംപകൎന്നുകലി
യൊൎത്തുമനക്കുരുന്നിൽദെവൻവലാന്തകനുരച്ചതു സത്യമാ
യിട്ടെവൻനളൻസുകൃതിയെന്നതുനിൎണ്ണയിക്കാം . ൫൧
സാധിക്കയില്ലമമവാഞ്ഛിതമെന്നുവന്നു ബാധിപ്പതിന്നു
വഴിയില്ലനിനച്ചുകണ്ടാൽ ആധിക്കുപുഷ്ടിയിതുമെ ഫലമി
ല്ലപാൎത്താൽ ബൊധിച്ചുഞാനിതു നളക്ഷിതിപന്റെ ഭാ
ഗ്യം ൫൨
എതെങ്കിലുംകുറയനാളിവിടെവസിക്കാംഛിദ്രാന്തരം വരി
കിലൊനളനെജയിക്കാം ചെതസ്സിലിങ്ങിനെനിനച്ചൊരു

താനിതന്മെൽ ചെതസ്സുഖെതരമിരുന്നുകലിദ്ദുരാത്മാ ൫൨
വീരൻനളൻതരുണിമാർമണി ഭൈമിയൊടും പാരംര
സിച്ചുടസുഖിച്ചുവസിച്ചുഗെഹെ ദാരിദ്ര്യമില്ലകലഹങ്ങളു മി
ല്ലന്യനംപാരികലദ്ദശയിലാൎത്തികളൊന്നുമില്ല . ൫൩
അക്കാലമംബുജദലായതനെത്രയാമപ്പോൽക്കൊണ്ടഭീമത
നയക്കുഭെവിച്ചുഗൎഭം ഉൾക്കാമ്പിലന്നളന തുഷ്ടിതെളിഞ്ഞുദി
ച്ചാനക്കാമിനീമണിനിറന്നുചമഞ്ഞുപാരം . . ൫൪
ചെന്താമരാക്ഷിമുഖപങ്കജമുല്ലസിച്ചുചെന്താർശര ക്കളി
യിലൊന്നുകുറഞ്ഞുമൊഹംചെന്താർശരാഭനവനീപതിവൈ
രസെനിക്കന്തംവരാതൊരുകുതൂഹലവുംഭവിച്ചു . ൫൫
ആലസ്യമന്വഹമുദിച്ചുദമാനുജക്കക്കാലത്തുഭൂഷണഗണ
ങ്ങളഴിച്ചുവെച്ചു ചാലകുളൂത്തുപുരവാസിജനസ്യചിത്തം നീ
ലപ്പുയൊരുഹദളാക്ഷിവിളങ്ങിപാരം . . ൫൬
മത്തെഭഗാമിനിദമാനുജസുന്ദരാംഗിപത്തൊന്നമാസ മഴ
കൊടുഭവിച്ചകാലംചിത്തെജതുല്യമമലംസുഷുവെകുമാരംചി
ത്തെകുതൂഹലമുദിച്ചുനളന്നുപാരം . . ൫൭
ആമ്നായവെദിനളനാത്മകുമാരകന്നും നാമ്നാചകാരതര
സാപ്പനരിന്ദ്രസെനം നാമ്നെന്ദ്രസെനയൊരുപുത്രിജനിച്ചുപി
ന്നെ ധാമ്നാകുമാരികഫരിപ്രിയയൊടുതുല്യാ . ൫൮
സന്തൊഷമാന്നളനുംദമയന്തിതാനുംസന്താനലാഭമുള
വായതുമൂലമെററംചെന്താമരാക്ഷനെനിനച്ചു വസിച്ചുപി
ന്നെചെന്താമരാക്ഷിദമയന്തിയൊടൊത്തുഭൂപൻ . ൫൯
അക്കാലമങ്ങുകലികമ്മലനക്ഷവൃക്ഷവക്കൊന്ന വാഞ്ഛ
യൊടുവാണരുളുംദശായാം ഉൾക്കാമ്പിലാധിയൊടു ദ്വാപ
രനൊടുചൊന്നാ നൊക്കെതനിക്കുപിടിപെട്ടവിഷാദജാ
ലം ൬൦
കഷ്ടംസഖെനളനരെശ്വരനെചതിപ്പാനൊട്ടെറനാളിവി
ടെവന്നുവസിച്ചതൊൎത്താൽഒട്ടുംതരംനൃപതിയെചതി ചെയ്തു
കൊൾവാൻകിട്ടീലനാമിവിടെനിന്നുവലഞ്ഞുവല്ലൊ ൬൧
അംഭൊജബാണസദൃശൻനളഭൂമിപാലൻ കുംഭീന്ദ്രഗാമി
നിദമാനുജയൊടുകൂടെ ഗംഭീരഭാവമൊടുവാണരുളുന്നിദാ

നീംഭംഭോളിപാണിയുമവനെതിരില്ലപാൎത്താൽ . ൫൪
സന്താപമെന്തുപറയെണ്ടതുപാൎത്തുകണ്ടാ ലെന്താവതിന്ന
ളനൊടിന്നുസഖെനിനക്ക ചെൎന്നീവദിങ്ങുവളരുന്നിതുകൊ
പമുള്ളിൽപന്തീരുവത്സരമിരുന്നിതുനാംവൃഥാതെ . ൫൫
ഇന്നാട്ടിലുണ്ടൊരുനൃപൻമരുവുന്നുശ്രദ്ധം നനാസ്ഥരിക്കവെ
നപുഷ്കരനെന്നുനാമംപൊന്നാദിയായധനമില്ലവ നന്നമ
ല്ലാതൊന്നുംനളക്ഷിതിപനങ്ങുകൊടുക്കയില്ല . ൫൬
എപ്പെരുമുള്ളധനവുംനിജനാടുമെല്ലാ മപ്പാപിയാം നള
നൃപൻബതകയ്ക്കലാക്കി ഇപ്പൊളവൻനളനുചൊൽപ്പടിയാ
യിരിക്കുന്നെപ്പൊഴുമാധിയൊടുദ്വാപരകെട്ടുകൊൾനീ ൫൭
ചെന്നാശുകണ്ടവനെനാംവശമാക്കിവെച്ചി ട്ടന്നായകന്ന
ളനൃപംചതിചെയ്ക്കവെണംഎന്നാശയെകരുതിഞാൻനിവസാ
മിസാധൊഎന്നാലതിന്നുതരമായതുമില്ലനൂനം . ൫൮
ഒന്നാമതന്നളശരീരമവാപ്യബാധിച്ചൊന്നാകവെ കലു
ഷമാക്കണമാശയത്തെ എന്നാകിലെസപദിചൂതിനുമാശയു
ണ്ടാസ്സുന്നീടുമന്നളനുതന്നഹിചെൽപ്രയാസം // . ൫൯
എവംപറഞ്ഞുകലിജാതരുഷാസവൃന്ദം ഭാവക്ഷയെണബ
തവാണിതു ഭൂതവാനെഭാവിച്ചകാരിയവുമോൎത്തുവസിച്ചകാ
ലംഭാവികിലിങ്ങിനെയുറക്കണെമാത്മകാഴ്ച . . ൬൦
അക്കാലംവീരസെനാത്മജനൊരുദിവസം പ്രാതരുത്ഥാ
യവെഗാൽതൽക്കാലെ നിത്യകൎമ്മത്തിനുചരണയുഗ ക്ഷാള
നംചെയ്യുമപ്പൊൾതൽക്കാലിൻപിമ്പുറംചെററുപൊഴുതുന
നഞ്ഞീല കാലഭ്രമത്താലുൾക്കാറിന്യംകലൎന്നീടിന കലിയ
തിലെചെന്നുഭൂപംപ്രവെശെ ൬൧
അന്നെരംനളഭൂമിപാലകമണിക്കുണ്ടായിബുദ്ധിക്ഷയംമി
ന്നീടുന്നമുഖത്തിനുംതനുവിനുംവന്നാശുമാലിന്യവും മന്ദീഭൂ
തമുദാമഹീപതിവരൻചെന്നങ്ങകംപൂകിനാൻവന്നീടുന്നവി
പത്തിലീവിധമഹൊവന്നീടുമെല്ലാവനും . .

ഇതി നളചരിതമണിപ്രവാളെ

അഷ്ടമസ്സൎഗ്ഗഃ

പാപകൎമ്മകുശലൻകലിദുഷ്ടൻ ദ്വാപരേണ തരസാ ബത
ഗത്വാ അഥപുഷ്കരനരേശ്വരഗേഹം ദീപിതാധിഗത വൈ
രിഹുതാശൻ—. . . . ൧

കണ്ടുപുഷ്കരനൃപം പരിചോടക്കണ്ടകൻ കലി പറഞ്ഞു പതുക്കെ
കണ്ടുരണ്ടുവചനം പറവാൻ ഞാൻ നിങ്ങൾ വിട്ടിവിടെവന്നി തു
സാധോ. ൨

അന്ത്യമാംകലിയുഗം നൃപതേ ഞാൻ സന്തതം തവ ഹിതപ്ര
ദനൊക്ക ചിന്തിതംപവതുമുണ്ടുരചെയ്വാൻ ഹന്ത നീയതു തെ
ളിഞ്ഞു ശ്രവിക്ക. ൩

വീരസേനതനയൻനളഭൂപൻധീരനാകിയഭവാനെയി
ദാനീം പാരമിങ്ങിനെ ബഹിഷ്കൃതനാക്കി പ്പാരിടംനള നട
ക്കിസമസ്തം ൪

ഹന്ത നീ നളനു കിങ്കരനായിട്ടെന്തിനിങ്ങിനെവസിച്ചരുളു
ന്നു എന്തിനൊക്കുധനഹീനനിവാസം ചന്തമുള്ളതിലും മൃ
തിതന്നെ. ൫

വിത്തമില്ലൊരുവനെന്നതുവന്നാൽ ചത്തതിന്നു സമമപ്പു
രുഷൻകേൾ അത്തലോടവനിരിപ്പതിനെക്കാൾ ചത്തുപോ
കിലധികം സുഖമല്ലോ. . . . ൬

സ്വൈരമൊരുത്തനു കരേന ഹിയെന്നാലംബ പോലുമവനോ
ടു വെറുക്കും കംബുകണ്ഠി നിജഭാൎയ്യയുമേറ്റം സമ്മതേതരമ
ഹോ കലഹിക്കും. ൭

മിത്രവൃന്ദമഖിലം വെറുതിപ്പെട്ടെത്രയുംകടുതരം പഴിചെയ്യും
എത്രകഷ്ടമിഹ നിൎദ്ധനനായാലത്രവാസമിഹ പുഷ്കര കേൾ
നീ ൮

ഊണിനില്ലവകയെന്നതുവന്നാൽ പ്രാണനെന്തിനവനൊ
ക്കമഹാത്മൻ കാണികൾക്കു പരിഹാസമവന്റെ പ്രാണധാ
രണമഹോ പൊളിയല്ല ൯

നിന്നുടെ ധനമശേഷമിദാനീമുന്നതൻ നള നെടുത്തു
പാൎത്താൽ നന്നിതോ സുമുഖ പുഷ്കര നീയെന്തന്നാവും ബത ഭ
ജിച്ചുവസിപ്പൂ. . . . ൧൦

ദുഷ്ടനാം നളനു കിങ്കരനായിട്ടുഷ്ടിയും ബത കഴിച്ചു നടന്നാൽ

കഷ്ടമെന്നുപനിനക്കിതുനന്നൊ തുഷ്ടിയെന്തിതിലെടൊ തവ
ചൊൽക ൪൧

പണ്ടുനീധരണിവാണസുഖിച്ചെന്നിങ്ങലററതുജഗൽ പ്ര
ഥിതംകെൾ ഇണ്ടലിങ്ങിനെവരുത്തിയിദാനീംകണ്ടകൻ ന
ളനഹൊജളനെററം . . . ൪൨

നല്ലസൌഖ്യമൊടിരുന്നജനത്തിന്നല്ലലിങ്ങിനെഭവിച്ചതു
കണ്ടാൽ നല്ലവൎക്കുപൊറുക്കയുമില്ല നല്ലതല്ലതുസഹിപ്പതു
പാൎത്താൽ. . . . : . ൪൩

ദൈവമിങ്ങിനെവരുത്തിനമുക്കെന്നെവമൊൎത്തു വസിയാ
യ്ക്കസഖെനീദൈവമല്ലവിപരീതമെടൊതെ കെവലംനളനൃ
പൻവിപരീതൻ ൪൪

എന്തുചെയ്യുമവനൊടിനിരാജ്യംഹന്തവാങ്ങണമസംശയ
മിപ്പൊൾ ബന്ധുഞാൻബതനിനക്കധരിക്കചിന്തിതം സ
ഫലമാക്കുവനീഞാൻ ൪൫

ചൂതിനായിനിവിളിക്കനളംനീ ഭീതിവെണ്ടജയമിങ്ങു ഭ
വിക്കും കൈതവെനജയമിങ്ങുളവാക്കാം കൈതവത്തിന്നുമി
ടുക്കനെടൊഞാൻ ൪൬

നെരുതന്നെകരുതീട്ടുവസിച്ചാൽ പൊരെടൊചിലതിന്നെ
ന്നുധരിക്ക നെരുകെട്ടുനരാത്മജന്മാർപാരിടത്തി ലതി
ദുൎല്ലഭമത്രെ- ൪൭

കൈടഭാരിബലിയൊടിഹമുന്നം കൂടമായയപഹരിച്ചിതു
രാജ്യം കൂട്ടമൊടുകപടമെന്നിയെകാൎയ്യം നെടുവാനറികപുഷ്കര
രാജൻ" ൪൮

ഇത്തരംകലിപറഞ്ഞൊരുവാക്യം സത്വരംനൃപതിപുഷ്കര
നെററംചിത്തമൊദമൊടുകെട്ടുസരൊഷംമത്തഭാവമിടചെ
ൎന്നുനടന്നാൻ. . . . - . . ൪൯

ഉത്തമൻനളനരെശനിരിക്കും പത്തനാന്തികമടുത്തുര
ചെയ്തുചിത്തജൊപമനളക്ഷിതിപന്തം സത്വരംവരികചൂതി
നിദാനീം. ൫൦

വീരരാംനൃപതികൾക്കുനിനച്ചാൽചെരുവൊന്നുബതചൂതു
മഹാത്മൻപൊരെടൊപഴുതിലിങ്ങിനെകാലം പാരമായുളക

യെന്നുപാൎത്താൽ. ൨൧

ഇങ്ങിനെ ബഹുവിളിച്ചുദശായാംതുംഗനാകിയൊരുദ്വാപര
വീരൻഅങ്ങുചൂതുകരുവായഹനിന്നാൻതുംഗനാം കലിയുമപ്പ
ടമായാൻ. ൨൨

ചൂതുമപ്പടവുമങ്ങഹമുന്നിൽഭീതിവിട്ടഹനിരത്തിയനെരം
പൂതനാനളനരെശ്വരനെവം ഭീതിതീൎന്നഹനിനച്ചുമനസ്സി
ൽ. ൨൩

„ചൂതിനായൊരുവനാശുവിളിച്ചാലെതുമെ മടിനിനക്കരു
താരുംഭൂതലാധിപജനത്തിനുപാൎത്താലെ തുകൊണ്ടുമതുയൊ
ഗ്യതയല്ല." ൨൪

എന്നുനണ്ണിവലവൈരിസമാനൻ മന്നവൻനളനുമാശു
സഭായാംചെന്നുചൂതിനുതുടങ്ങിമഹാത്മാനന്ദിപൂണ്ടുബഹുപു
ഷ്കരനൊററം. ൨൫

പുഷ്കരൻതെരുതെരപ്പുനരപ്പൊൾമുഷ്കരൻ കലിയുടെകപട
ത്താൽമിക്കതും കളിയിലാശുജയിച്ചുശുഷ്കമാംവിടപിപൂത്തതു
പൊലെ. ൨൬

മാററലൎക്കരിനളൻധനമെല്ലാം തൊററിതാശു ബഹുപി
ന്നയുമെററംഉററമായചിലവാതുപറഞ്ഞങ്ങെററുചൂതുമരുക
ക്കുറയാതെ. ൨൭

ആനതെർകുതിരനാട്ടുകൾവീടും മാനിയാന്നളമഹീപതി
വെച്ചുമാനമൊടവസമസ്തവുമപ്പൊളൂനമായ്ക്കളിയിലെന്തൊ
രുചിത്രം. ൨൮

ചൂതുകൊണ്ടുനളനൊടെതിരില്ലാൻ ഭൂതലത്തിലൊരുവൻ
നഹിനൂനം ചൂതബാണസമനാമവനിത്ഥംജാതമായതുമതീ
വവിചിത്രം. ൨൯

കഷ്ടകാലമണയുന്നൊരുനെരംകഷ്ടമിങ്ങിനെവരുംസകല
ൎക്കുംനഷ്ടിതന്നെസകലത്തിനുമുണ്ടാമിഷ്ടമിങ്ങിനെവിധിക്കി
ഹപണ്ടെ. ൩൦

ഇങ്ങിനെനൃപതിതൊററദശായാംമംഗലാംഗിദമസൊദരി
പാരംതിങ്ങിവന്നവ്യസനെനമയങ്ങി പൊങ്ങിവന്നുകുത്തുകംക
ലിച്ചിത്തെ. ൩൧

പിന്നയുന്നളനലീലയിലെത്തും വന്നതില്ലമതിയെന്നൊരു
ഖെദം പിന്നെയന്നൃപതിമന്ത്രികളെല്ലാം ചെന്നുമന്നവനൊടെ
വമുരച്ചു ൩൨

ഭൂപതെമതികളിക്കരുതിത്ഥം പാപിയാമിവനിതൊക്കജയി
ക്കുംതാപമിങ്ങുവരുമിക്കളികൊണ്ടിങ്ങാപദാപ്തിയുടെകാലമിദാ
നീം. ൩൩

നഷ്ടമാം പ്രജകളന്തവ നാടും ദുഷ്ടനൊടരുതു ചൂതുമഹാത്മ
ൻകഷ്ടമിങ്ങിനി മുടക്കുകവെഗാലിഷ്ടമെന്തിതിലഹൊസുമതെ
തെ.. . . . . . . ൩൪

ഇത്തരം പലരുമാദരപൂർവ്വം ചിത്തഖെദമുരചെയ്തു ഭൂപ
ൻചിത്തതാരിലൊരുകാണിധരിച്ചീലത്തൽപൂണ്ടു ബതമന്ത്രി
സമൂഹം. ൩൫

മന്ത്രിമാർപലരുമൊത്തു നിനച്ചുദന്തിഗാമിനിദമാനുജത
ന്റെഅന്തികെപുനരുദന്തമുരപ്പാൻചന്തമെറിയൊരുദൂത നെ
വിട്ടാർ. ൩൬

ദൂതനന്തദനുചെന്നുവണങ്ങി പൂതയാന്ദമനജാമിയൊ ട
പ്പൊൾഏതുമെപിഴവരാതെപറഞ്ഞു ഭൂതലാധിപതിയാന്നള
വാർത്താം. ൩൭

ദാന്തസൊദരിനിജപ്രിയവാർത്താംസാന്ദ്രഖെദമൊടുകെട്ടു
ടനപ്പൊൾ ഭ്രാന്തവൽകളികളിച്ചുവസിക്കുംകാന്തസന്നിധിയി
